# സഹ്യനാദം

ലക്കം 08 | ഓഗസ്റ്റ് 2024 | വാല്യം 21

ഇടുക്കി രൂപതാ ബുള്ളറ്റിൻ



## ഓഗസ്റ്റ് 15

പരി. മറിയത്തിന്റെ സ്വർഗ്ഗാരോപണം
ഭാരത സ്വാതന്ത്ര്യ ദിനം




കെ.സി.ബി.സി. പ്രോ ലൈഫ് ജീവ സംരക്ഷണ സന്ദേശ യാത്രയ്ക്ക്
ഇരട്ടയാറിൽ നൽകിയ സ്വീകരണം



മാർ സ്ലീവാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജിയിൽനിന്നും
പഠനം പൂർത്തിയാക്കിയവർ അഭി. പിതാവിനോടൊപ്പം



കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ അഭിമുഖത്തിൽ
ഇടുക്കി രൂപത ആതിഥേയത്വം വഹിച്ച
പ്രകൃതി പഠന ശിബിരത്തിൽ പങ്കെടുത്തവർ

# സഹ്യനാദം

## ഇടുക്കി രൂപതാ ബുള്ളറ്റിൻ


**Volume : 21**
**Issue No. : 08**
**Month : August 2024**






*Patron*

**Mar John Nellikunnel**
Bishop of Idukki

*Chief Editor*

**Rev. Fr. Ponpanal Martin**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: +919061230151

*Cover designed by:*

Media commission, Idukki

*Website & e-mail*

www.idukkidiocese.org
curiaidukki@gmail.com


## ഈ ലക്കത്തിൽ


| | |
|---|---|
| പാസ്റ്ററൽ കൗൺസിൽ തെരഞ്ഞെടുപ്പ് | 05 |
| അഖില കേരള കത്തോലിക്കാ കോൺഗ്രസ് | 10 |
| മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി | 14 |
| തടവറ പ്രേഷിത ഞായർ | 18 |
| ജസ്റ്റീസ് സൺഡേ (നീതി ഞായർ) | 23 |
| നാളാഗമം | 29 |
| BISHOP'S ENGAGEMENTS | 33 |
| അറിയിപ്പ് | 33 |
| കച്ചേരി വാർത്തകൾ | 34 |
| മൈനർ സെമിനാരി | 39 |
| സന്ന്യസ്തർ | 40 |
| ക്രിസ്തുജ്യോതി | 46 |
| പാവനാത്മാ കോളേജ് | 47 |
| മാർ സ്ലീവാ കോളേജ് | 48 |
| സാമൂഹ്യസേവനം | 50 |
| കെ. സി. എസ്. എൽ. | 52 |
| തിരുബാലസഖ്യം | 53 |
| ചെറുപുഷ്പ മിഷൻലീഗ് | 56 |
| കെ. സി. വൈ. എം. | 61 |
| ജീസസ് യൂത്ത് | 62 |
| മാതൃവേദി | 63 |
| പ്രാർത്ഥനാ ഗ്രൂപ്പ് | 64 |
| കത്തോലിക്കാ കോൺഗ്രസ് | 66 |
| പെയിൻ ആൻഡ് പാലിയേറ്റീവ് | 68 |
| ആത്മജ്യോതി | 68 |
| ഫാമിലി അപ്പോസ്റ്റലേറ്റ് | 69 |
| ബേത്‌ലെഹേം കാരിത്താസ് | 70 |
| കരുണ ആനിമേഷൻ സെന്റർ | 71 |
| പ്രവാസി അപ്പോസ്റ്റലേറ്റ് | 71 |
| വാർത്തകളും വിശേഷങ്ങളും | 72 |


***"Life is always worth living, and there is always hope for the future, even when everything seems to be over. The fact that each of us exists is a unique gift for both ourselves and for others. God never abandons us - He knows how to listen, rejoice, and weep with us."*** *Pope Francis, Tweet, 20-07-2024*

# ഓർമ്മിക്കാൻ

## ഓഗസ്റ്റ് മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 01 | : | പതിനഞ്ചു നോമ്പാരംഭം, വി. അൽഫോൻസ് ലിഗോരി |
| 02-04 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി |
| 03 | : | CML രൂപതാ സാഹിത്യ മൽസരം |
| 04 | : | വി. ജോൺ മരിയ വിയാനി |
| 06 | : | നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം |
| 08 | : | വി. ഡോമിനിക് |
| 10 | : | AKCC രൂപതാ വാർഷികം, വാഴത്തോപ്പ് |
| 11 | : | വി. ക്ലാര |
| 14 | : | വി. മാക്സ്മില്യൻ കോൾബേ |
| 15 | : | പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം |
| | : | ഇന്ത്യൻ സ്വാതന്ത്ര്യദിനം |
| 21 | : | വി. പത്താംപീയൂസ് മാർപാപ്പ |
| 24 | : | വി. ബർത്തലോമിയോ ശ്ലീഹാ |
| 27 | : | വി. മോനിക്ക |
| 28 | : | വി. അഗസ്റ്റിൻ |
| 29 | : | വി. എവുപ്രാസ്യ |

C. L. 03/2024

**സർക്കുലർ**

# ഇടുക്കി രൂപത പാസ്റ്ററൽ കൗൺസിൽ തെരഞ്ഞെടുപ്പ്

മിശിഹായിൽ പ്രിയ വൈദികരേ, സഹോദരീ സഹോദരന്മാരേ,

നമ്മുടെ രൂപതയുടെ ആറാമത് പാസ്റ്ററൽ കൗൺസിലിന്റെ കാലാവധി പൂർത്തിയായതിനാൽ പുതിയ പാസ്റ്ററൽ കൗൺസിൽ രൂപീകരിക്കേണ്ടതുണ്ട്. രൂപതയുടെ അജപാലനപ്രവർത്തനങ്ങൾ സംബന്ധിച്ച കാര്യങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനും പ്രായോഗിക നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുന്നതിനുമുള്ള സമിതിയാണ് പാസ്റ്ററൽ കൗൺസിൽ. നമ്മുടെ രൂപതയുടെ തുടക്കം മുതൽ രൂപതയുടെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്ക് സഹായിച്ചിട്ടുള്ള ആലോചനാസമിതി എന്ന നിലയിൽ പാസ്റ്ററൽ കൗൺസിൽ നല്കിക്കൊണ്ടിരുന്ന സേവനങ്ങൾ നിസ്തുലമാണ്. മുൻ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെ ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

പാസ്റ്ററൽ കൗൺസിൽ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെടുന്നവർ സഭാസ്നേഹികളും നമ്മുടെ രൂപതയുടെ ബഹുമുഖമായ വളർച്ചയ്ക്കുവേണ്ടനിർദ്ദേശങ്ങൾ നല്കുവാൻ പര്യാപ്തമായ വിധത്തിൽ സഭാകാര്യങ്ങളിലും പൊതുവിഷയങ്ങളിലും അറിവുള്ളവരും സത്കീർത്തിയും വിവേകവുമുള്ളവരും അടിയുറച്ച കത്തോലിക്കാ വിശ്വാസത്തിൽ ജീവിക്കുന്നവരുമായിരിക്കണം (CCEO c. 273 §4). കൂടാതെ, അവർ ആനുകാലികമായ വിഷയങ്ങൾ പഠിച്ച് സഭയുടെ വളർച്ചയ്ക്കുപകരിക്കുന്ന രീതിയിൽ അവയെ എങ്ങനെ പ്രായോഗികതലത്തിൽ ആവിഷ്കരിക്കാമെന്ന നിർദ്ദേശം നൽകാൻ കഴിവുള്ളവരുമായിരിക്കണം. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവരേയും, അതിനുപുറമേ രൂപതാമെത്രാൻ നാമനിർദ്ദേശം ചെയ്യുന്നവരേയും ഉൾപ്പെടുത്തിയാണ് പാസ്റ്ററൽ കൗൺസിൽ രൂപവത്കരിക്കുന്നത്.

രൂപതയുടെ അജപാലനപ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ശക്തമായ അല്മായനേതൃത്വത്തെ വളർത്തിയെടുക്കുക എന്ന ലക്ഷ്യം മുൻനിർത്തി കഴിഞ്ഞ പ്രാവശ്യം പാസ്റ്ററൽ കൗൺസിലിനോടൊപ്പം ഫൊറോനാ (പ്രോട്ടോപ്രെസ്ബിറ്ററൽ) കൗൺസിലുകൾകൂടി രൂപീകരിച്ചിരുന്നു. രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ഭരണഘടനയ്ക്കനുസൃതം ഫൊറോനാതലത്തിൽ സ്ഥാപിതമായിരിക്കുന്ന ആലോചനാസമിതിയാണ് ഫൊറോനാ കൗൺസിൽ. ഫൊറോനാ വികാരിയുടെ മേൽനോട്ടത്തിൽ ഫൊറോനായിലെ അജപാലനപരമായ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും, പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും അവ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടത്താൻ ഉപയുക്തമായ പ്രായോഗിക നിർദ്ദേശങ്ങൾ നൽകുന്നതിനും പാസ്റ്ററൽ കൗൺസിലിന്റെ പരിഗണനയ്ക്കുവരേണ്ടവിഷയങ്ങളും രൂപതയിൽനിന്ന് നിർദ്ദേശിക്കുന്ന ഇതരകാര്യങ്ങളും ചർച്ച ചെയ്ത് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കുന്നതിനും ഉത്തരവാദിത്വപ്പെട്ടതാണ് ഈ സമിതി.

രൂപതാ പാസ്റ്ററൽ-ഫൊറോനാ കൗൺസിലുകളിലേക്കുള്ള തെരഞ്ഞെടുപ്പ് സംബന്ധിച്ച നടപടിക്രമങ്ങൾ ഇതോടൊപ്പം അറിയിക്കുന്നു.

## A. ഫൊറോനാ (പ്രോട്ടോപ്രെസ്ബിറ്ററൽ) കൗൺസിൽ തെരഞ്ഞെടുപ്പ്

1. ഇടവകവികാരിയുടെ നേതൃത്വത്തിലാണ് ഫൊറോനാ കൗൺസിൽ അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടത്.

2. ഓരോ ഇടവകയിൽ നിന്നും മൂന്നു പേരെയാണ് ഈ കൗൺസിലിലേയ്ക്ക് തെരഞ്ഞെടുക്കേണ്ടത്. അവരിൽ രണ്ടു പേർ പുരുഷന്മാരും ഒരാൾ സ്ത്രീയുമായിരിക്കണം.

3. ഓരോ ഇടവകയിൽ നിന്നും പുരുഷന്മാരുടെ പ്രതിനിധികളായി 24 നും 35 നും മദ്ധ്യേ പ്രായമുള്ള ഒരാളേയും 36 നു മുകളിൽ പ്രായമുള്ള ഒരാളേയുമാണ് തെരഞ്ഞെടുക്കേണ്ടത്. സ്ത്രീകളിൽ നിന്ന് 24 നു മുകളിൽ പ്രായമുള്ള ഒരു പ്രതിനിധിയെ തെരഞ്ഞെടുക്കണം.

4. ഓരോ ഇടവകയിലും ഇടവകവികാരിയുടെ വിവേചനാധികാരമുപയോഗിച്ച് പ്രതിനിധിയോഗത്തിൽനിന്നോ (Parish Council), പൊതുയോഗത്തിൽനിന്നോ ഫൊറോനാ കൗൺസിൽ അംഗങ്ങളെ മുകളിൽ സൂചിപ്പിച്ച യോഗ്യതകളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കാവുന്നതാണ്. യോഗത്തിൽ പാസ്റ്ററൽ കൗൺസിലിലേക്കും ഫൊറോന കൗൺസിലിലേക്കും തെരഞ്ഞെടുക്കപ്പെടുന്നവരുടെ യോഗ്യതകളെക്കുറിച്ച് ബഹുമാനപ്പെട്ട വികാരിയച്ചൻ ആവശ്യമായ വിശദീകരണം നൽകേണ്ടതാണ്.

5. ഫൊറോന കൗൺസിലിലേക്കുള്ള പ്രതിനിധികളെ ഐകകണ്ഠ്യേന തെരഞ്ഞെടുക്കുതായിരിക്കും ഉചിതം. വോട്ടിംഗ് ആവശ്യമെന്നു കണ്ടാൽ രഹസ്യ ബാലറ്റുപയോഗിച്ച് അതു നടത്തേണ്ടതാണ്.

6. തെരഞ്ഞെടുപ്പു സംബന്ധിച്ചു പരാതിയുണ്ടെങ്കിൽ തെരഞ്ഞെടുപ്പിനുശേഷം മൂന്നു ദിവസത്തിനകം ഫൊറോനാവികാരിയെ അത് രേഖാമൂലം അറിയിക്കേണ്ടതാണ്. അതിന്മേലുള്ള തീർപ്പ് ഫൊറോനാ വികാരി ഒരാഴ്ചയ്ക്കകം ഇടവകവികാരി വഴി പരാതിക്കാരനെ അറിയിക്കേണ്ടതുമാണ്. ഫൊറോനാപള്ളിയിലെ തെരഞ്ഞെടുപ്പു സംബന്ധിച്ചാണ് പരാതിയെങ്കിൽ നിശ്ചിത സമയപരിധിക്കുള്ളിൽ അത് രൂപതാ പാസ്റ്ററൽ കൗൺസിൽ തെരഞ്ഞെടുപ്പു കമ്മീഷനു സമർപ്പിക്കേണ്ടതും കമ്മീഷൻ അതിൻമേലുള്ള തീരുമാനം കഴിവതുംവേഗം ഫൊറോനാവികാരി വഴി പരാതിക്കാരനെ അറിയിക്കേണ്ടതുമാണ്.

## B. പാസ്റ്ററൽ കൗൺസിലിലേക്കുള്ള ഫൊറോനതല തെരഞ്ഞെടുപ്പ്

7. ഫൊറോനാ വികാരിയുടെ നേതൃത്വത്തിലാണ് പാസ്റ്ററൽ കൗൺസിലിലേക്കുള്ള അംഗങ്ങളെ ഫൊറോനാ കൗൺസിലിൽ നിന്നും തെരഞ്ഞെടുക്കേണ്ടത്.

8. ഓരോ ഫൊറോനയിൽ നിന്നും 5 പ്രതിനിധികളെയാണ് തെരഞ്ഞെടുക്കേണ്ടത്.

9. പാസ്റ്ററൽ കൗൺസിലിലേക്കുള്ള ഫൊറോനാതല തെരഞ്ഞെടുപ്പിന്റെ സമയം, തീയതി, സ്ഥലം തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ഫൊറോനാ വികാരി അതതു ഫൊറോനായിൽപ്പെട്ട ഇടവക

വികാരിമാരെ മുൻകൂട്ടി അറിയിച്ചിരിക്കേണ്ടതാണ്. ഇടവകയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ അറിയിക്കേണ്ടത് ഇട വകവികാരിയുടെ ഉത്തരവാദിത്വമായിരിക്കും.

**10.** രൂപതാ കേന്ദ്രത്തിൽ നിന്നും തെരഞ്ഞെടുപ്പ് നിരീക്ഷകനായി ഒരാൾ ഫൊറോനായിൽ എത്തിയ ശേഷമേ തെരഞ്ഞെടുപ്പ് നടപടി കൾ ആരംഭിക്കാവു. നിരീക്ഷകനായി നിയോഗിക്കപ്പെട്ടയാൾ തെരഞ്ഞെടുപ്പ് കഴിഞ്ഞ് രണ്ടു ദിവസങ്ങൾക്കകം തെരഞ്ഞെടുപ്പ് റിപ്പോർട്ട് രൂപതാ പാസ്റ്ററൽ കൗൺസിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ കൺവീനറെ ഏല്പിക്കേണ്ടതാണ്.

**11.** ഫൊറോനാ കൗൺസിലിൽ നിന്നും പാസ്റ്ററൽ കൗൺസിലിലേക്ക് പ്രതിനിധികളെ ഐകകണ്ഠ്യേന തെരഞ്ഞെടുക്കുന്നതായിരിക്കും ഉചിതം. അങ്ങനെ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ രഹസ്യ ബാലറ്റ്വഴിയുള്ള തെരഞ്ഞെടുപ്പ് രീതി ഉപയോഗിക്കേണ്ടതാണ്.

**12.** ഫൊറോനാ വികാരി പാസ്റ്ററൽ കൗൺസിൽ തെരഞ്ഞെടുപ്പിനു വേണ്ടബാലറ്റുപേപ്പറുകൾ മുൻകൂട്ടി തയ്യാറാക്കിയിരിക്കേണ്ടതാണ്. ഒരാൾക്ക് ഒന്നിൽ കൂടുതൽ ബാലറ്റുപേപ്പറുകൾ ലഭിക്കാനിടയാ കരുത്.

**13.** ഫൊറോനാ കൗൺസിലിൽ നിന്നും പുരുഷന്മാരുടെ പ്രതിനിധി കളായി 24 നും 35 നും മദ്ധ്യേ പ്രായമുള്ള ഒരാളേയും 36 നു മുക ളിൽ പ്രായമുള്ള രണ്ടു പേരെയുമാണ് തെരഞ്ഞെടുക്കേണ്ടത്. സ്ത്രീകളിൽ നിന്നും 24 നും 40 നും മദ്ധ്യേ പ്രായമുള്ള ഒരാളേയും 41 നു മുകളിൽ പ്രായമുള്ള ഒരാളേയുമാണ് തെരഞ്ഞെടുക്കേണ്ടത്.

**14.** ഓരോ പ്രായവിഭാഗത്തിലും വോട്ടിങ്ങിൽ സമനില വന്നാൽ, ഏറ്റവും കൂടുതൽ വോട്ടുള്ള ഒരാളെ തെരഞ്ഞെടുക്കുന്നതുവരെ വോട്ടിങ്ങ് തുടരേണ്ടതാണ്.

**15.** തുടർച്ചയായി രണ്ടു പ്രാവശ്യത്തിൽ കൂടുതൽ ഒരാൾ പാസ്റ്ററൽ കൗൺസിലിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുവാൻ പാടില്ല.

**16.** ഒരു ഇടവകയിൽ നിന്ന് ഒന്നിൽ കൂടുതൽ അംഗങ്ങളെ പാസ്റ്റ റൽ കൗൺസിലിലേയ്ക്ക് തെരഞ്ഞെടുക്കാൻ പാടില്ല.

**17.** ഏതെങ്കിലും കാരണവശാൽ ഒരു ഇടവകയിൽ നിന്നും ഫൊറോനാ കൗൺസിലിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ഒരംഗം പാസ്റ്ററൽ കൗൺസിൽ തെരഞ്ഞെടുപ്പിന് അറിയിച്ചിരിക്കുന്ന നിശ്ചിതസമയത്ത് എത്തിച്ചേർന്നില്ലെങ്കിൽ അയാൾക്ക് വോട്ടിങ്ങ് അവകാശം നഷ്ടപ്പെടുന്നതാണ്.

**18.** തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരാഴ്ചക്കുള്ളിൽ ഫൊറോനാ വികാരി തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് രൂപതാ പാസ്റ്ററൽ കൗൺസിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ കൺവീനറെ ഏൽപ്പിക്കേണ്ടതാണ്.

19. തെരഞ്ഞെടുപ്പു സംബന്ധിച്ചു പരാതിയുണ്ടെങ്കിൽ തെരഞ്ഞെടുപ്പിനുശേഷം മൂന്നു ദിവസത്തിനകം പാസ്റ്ററൽ കൗൺസിൽ തെരഞ്ഞെടുപ്പ് കമ്മീഷനെ രേഖാമൂലം അറിയിക്കേണ്ടതാണ്. അതിന്മേലുള്ള തീർപ്പ് ഒരാഴ്ചയ്ക്കകം പരാതിക്കാരനെ അറിയിക്കേണ്ടതാണ്.

**20.** രൂപതാ പാസ്റ്ററൽ കൗൺസിൽ തെരഞ്ഞെടുപ്പ് സംബന്ധിച്ച് ഉണ്ടാകുന്ന തർക്കങ്ങളിൽ രൂപതാ മെത്രാന്റെ തീരുമാനം അന്തിമമായിരിക്കും.

മോൺ. ജോസ് കരിവേലിക്കൽ
പ്രോട്ടോസിഞ്ചെല്ലൂസ്

**മാർ ജോൺ നെല്ലിക്കുന്നേൽ**
ഇടുക്കി രൂപതാമെത്രാൻ

C.L. 04/2024

## സർക്കുലർ

## അഖില കേരള കത്തോലിക്കാ കോൺഗ്രസ്

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ.

നമ്മുടെ സഭയുടെ സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസ് രൂപീകൃതമായിട്ട് 106 വർഷങ്ങൾ പൂർത്തിയായി. 1904 മുതൽ ആരംഭിച്ച സമുദായ സമ്മേളനങ്ങളുടെ ഫലമായി 1918-ൽ കത്തോലിക്ക കോൺഗ്രസിന്റെ ആദ്യരൂപമായ 'കേരള കത്തോലിക്ക മഹാജനസഭ' രൂപം കൊണ്ടു.1918-ലെസമ്മേളനം ചങ്ങനാശ്ശേരി യിൽ ആയിരുന്നു നടത്തപ്പെട്ടത്. തുടർന്നുവന്ന വർഷങ്ങളിലെ സമുദായ സമ്മേളനങ്ങൾക്ക് ശേഷം 1930-ൽ 'അഖില കേരള കത്തോലിക്കാ കോൺഗ്രസ്' എന്ന പേര് സ്വീകരിച്ച് സമുദായ സംഘടന എന്ന നിലയിൽ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി.

സമുദായ അംഗങ്ങളുടെ പൗരാവകാശങ്ങളും ഇതര ആവശ്യങ്ങളും ഗവൺമെന്റുകൾക്ക് മുന്നിൽ ബോധിപ്പിക്കുവാനും പരിഹാരം കണ്ടെത്തുവാനും സമൂഹത്തിൽ പാർശ്വവത്ക്കരിക്കപ്പെടുന്നവരുടെ പക്ഷം ചേർന്ന് നീതി നടപ്പാക്കി കിട്ടുവാനും യുക്തമായ നടപടികൾ സ്വീകരിക്കുവാനും ജാതിമത ചിന്തകൾക്ക് അതീതമായി ഒന്നിച്ചുനിന്ന് പോരാടുവാനുമുള്ള വേദിയൊരുക്കുക എന്നത് ഈ സംഘടനയുടെ മുഖ്യ പ്രവർത്തന ലക്ഷ്യമാണ്.

സർക്കാർ സർവീസിൽ മലയാളികൾക്ക് അവസരം നിഷേധിക്കപ്പെടുന്നതിനെതിരെയും തിരുവിതാംകൂറിലെ ബ്രാഹ്മണ മേധാവിത്വത്തിനെതിരെയും നടത്തിയ മലയാളി മെമ്മോറിയൽ പ്രക്ഷോഭം, റവന്യൂ വകുപ്പിൽ സവർണ്ണ സമുദായങ്ങൾക്കൊപ്പം ക്രിസ്ത്യാനികൾക്കും സർക്കാർ ജോലിയിൽ അവസരം ലഭിക്കുന്നതിനുവേണ്ടി നാലുവർഷക്കാലത്തോളം നടത്തിയ പൗരസമത്വവാദ പ്രക്ഷോഭം, ഈഴവ, മുസ്ലിം സഹോദരങ്ങളേ ഒരുമിച്ച് ചേർത്തുനിർത്തി നടത്തിയ നിവർത്തന പ്രക്ഷോഭം, സർ സിപിയുടെ പ്രൈമറി വിദ്യാലയ ദേശസാത്ക്കരണത്തിന് എതിരായി നടത്തിയ വിദ്യാഭ്യാസ പ്രക്ഷോഭം, 1959-ലെ വിമോചന സമരത്തിന് കളമൊരുക്കിയ വിദ്യാഭ്യാസ സമരം,

ചുരളി, കീരിത്തോട് കുടിയിറക്കിനെതിരെയും അമരാവതിയിലെ കുടിയിരുത്തലിനെതിരെയും നടത്തിയ സമര പോരാട്ടങ്ങൾ, 1972-ലെ കോളേജ് സമരം, തൈക്കൽ-വൈക്കം സിമിത്തേരി സമരങ്ങൾ, ക്രിസ്ത്യൻ പിന്തുടർച്ച നിയമം, ക്രൈസ്തവിവാഹ ബിൽ, ചർച്ച് ആക്ട് എന്നിവയ്ക്കെതിരെ നടത്തിയ പ്രതികരണങ്ങൾ, വിദ്യാഭ്യാസ അവകാശ ധ്വംസനങ്ങൾക്കെതിരെയുള്ള പോരാട്ടങ്ങൾ, ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകൾക്കെതിരെയുള്ള സമരങ്ങൾ എന്നിങ്ങനെ സമുദായത്തിന്റെ മാത്രമല്ല പൊതുസമൂഹത്തിന്റെയും പ്രശ്നങ്ങൾ ഏറ്റെടുത്തുകൊണ്ട് നിരവധി പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ ഈ സംഘടനയ്ക്ക് കഴിഞ്ഞു.

മാനവരാശിയുടെ നന്മയെ മുഴുവൻ ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കൊപ്പം നമ്മുടെ സമുദായ അംഗങ്ങളുടെ ക്ഷേമവും പുരോഗതിയും ഉറപ്പുവരുത്തേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമാണ്. ഈ ഉത്തരവാദിത്വം സഭാ നേതൃത്വത്തിന്റേതാണ് എന്ന പരമ്പരാഗത ചിന്തയിൽ നിന്ന് മാറി സമുദായ ശാക്തീകരണത്തിലൂടെ ഈ ലക്ഷ്യം നേടിയെടുക്കുവാൻനമുക്ക്കഴിയണം. സമുദായത്തിന്റെ നന്മയ്ക്ക് വേണ്ടി തങ്ങളുടെ കഴിവും സമയവും ഉദാരതയോടെ സമർപ്പിക്കുവാൻ അല്മായർ തയ്യാറാകുമ്പോഴാണ് ഈ ശാക്തീകരണം സാധ്യമാവുക. ഇത്തരത്തിലുള്ള അല്മായ മുന്നേറ്റത്തിന് വേദിയൊരുക്കലാണ് കത്തോലിക്ക കോൺഗ്രസ് ലക്ഷ്യം വഹിക്കുന്നത്. വിശ്വാസ തീക്ഷ്ണതയും സമുദായ സ്നേഹവും ധാർമിക മൂല്യങ്ങളും ഉള്ള അല്മായരെ ഒരു കുടക്കീഴിൽ ഒരേ ലക്ഷ്യത്തോടുകൂടി അണിനിരത്തിക്കൊണ്ട് സത്യം, നീതി, ഉപവി എന്ന പ്രഖ്യാപിത മുദ്രാവാക്യത്തിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഈ സംഘടനയുടെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്.

കത്തോലിക്കാ കോൺഗ്രസ് നമ്മുടെ രൂപതയിലും വളരെ ശക്തമായി പ്രവർത്തിക്കുന്നുണ്ട് എന്ന് പറയുന്നതിലും അതിന് നേതൃത്വം വഹിക്കുന്നവരെ അഭിനന്ദിക്കുന്നതിലും എനിക്കതിയായ സന്തോഷമുണ്ട്. 'ഹൈറേഞ്ചിന്റെ കുടിയേറ്റചരിത്രം' പുസ്തക പ്രകാശനം, ഛായാചിത്രപ്രയാണങ്ങൾ, മത തീവ്രവാദത്തിനെതിരെ പതിനായിരങ്ങളെ അണിനിരത്തി നടത്തിയ മഹാറാലിയും പൊതു സമ്മേളനവും ഫാ. ടോം ഉഴുന്നാലിൽ, ഫാ. സ്റ്റാൻ സ്വാമി എന്നിവരുടെ മോചനത്തിനായി നടത്തിയ പ്രതിഷേധ സംഗമങ്ങൾ, കർഷക ജനത

യുടെ പ്രതിസന്ധികൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നട ത്തിയ മോചനയാത്ര, പട്ടയ സമരങ്ങളിലെ സജീവപങ്കാളിത്തം, ബഫർ സോൺ പ്രഖ്യാപനത്തിനെതിരെ നടത്തിയ പ്രതിഷേധ ജ്വാലകൾ, വന്യജീവി ആക്രമണങ്ങൾക്ക് ഇരയായവർക്ക് നീതിലഭിക്കാനായി നടത്തിയ അതിജീവന യാത്ര, കാർഷിക മേഖല യിലെ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് നടത്തിയ സെക്രട്ടറിയേറ്റ് മാർച്ചിലെ സജീവ പങ്കാളിത്തം, വിഴിഞ്ഞം സമരമുഖത്തേക്ക് നട ത്തിയ ഐക്യദാർഢ്യ റാലി, ക്രൈസ്തവ ദേവാലയങ്ങളും സ്കൂളു കളും സഭാ സ്ഥാപനങ്ങളും ആക്രമിക്കപ്പെട്ടപ്പോൾ നടത്തിയ പ്രതി ഷേധങ്ങൾ, ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ, ജസ്റ്റിസ് ഹരിഹരൻ നായർ കമ്മീഷൻ എന്നിവർക്ക് മുൻപിൽ സമർപ്പിച്ച സമഗ്രമായ റിപ്പോർ ട്ടുകൾ, കർഷക കടാശ്വാസ കമ്മീഷനുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ, കർഷക കൺവെൻഷനുകൾ, മണിപ്പൂർ ഭരണകൂട ഭീകരതയ്ക്കെതിരെ നടത്തിയ പ്രതിഷേധ സംഗമങ്ങൾ, സമുദായ ശാക്തീകരണ സമ്മേളനങ്ങൾ, നേതൃത്വ ശിൽപശാലകൾ എന്നിവയെല്ലാം പൊതുസമൂഹത്തിൽ ഈ സംഘടനയുടെ ഇടപെട ലുകളാണ്.

എങ്കിലും വ്യത്യസ്ത കാരണങ്ങളാൽ പല ഇടവകകളിലും ഇനിയും കത്തോലിക്കാ കോൺഗ്രസ് ആരംഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടേയും പാരീഷ് കൗൺസിലി ന്റെയും അടിയന്തരമായ താൽപര്യവും നേതൃത്വവും പ്രത്യേകമായി ഉണ്ടാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. യൂണിറ്റുകൾ ആരംഭിക്കു ന്നതിനോടൊപ്പം ആൺ പെൺ വ്യത്യാസമില്ലാതെ 18 വയസ്സിന് മുകളിൽ പ്രായമുള്ള പരമാവധി സഭാമക്കൾക്ക് അംഗത്വം നൽകി മെമ്പർഷിപ്പ് ക്യാമ്പയിൻ സംഘടിപ്പിക്കുകയും വേണം. പാരീഷ് കൗൺസിലംഗങ്ങളും മതാധ്യാപകരും കൂട്ടായ്മ ഭാരവാഹികളും നിർബന്ധമായും ഈ സംഘടനയിൽ അംഗങ്ങളാകണം. കത്തോലിക്കാകോൺഗ്രസ് യൂണിറ്റ് ഭാരവാഹികൾ മാസത്തിലൊ രിക്കലെങ്കിലും യോഗം ചേരുകയും ഭാവിപ്രവർത്തനങ്ങൾ തീരുമാ നിക്കുകയും ചെയ്യണം. സംഘടനാ പ്രവർത്തനങ്ങൾക്കൊപ്പം ജീവ കാരുണ്യ പ്രവർത്തനങ്ങളും പാലിയേറ്റീവ് ശുശ്രൂഷയും ക്രൈ സ്തവ പ്രസിദ്ധീകരണങ്ങളുടെ പ്രചാരണ വിതരണ പ്രവർത്തന ങ്ങളും ഏറ്റെടുത്ത് നിർവഹിക്കാവുന്നതാണ്. എല്ലാ മേഖലകളിലും നേതൃത്വനിരയിൽ നമ്മുടെ സമുദായ അംഗങ്ങളുടെ പങ്കാളിത്തം

ഉറപ്പുവരുത്തുവാൻ സമുദായ സംഘടനാ നേതൃത്വത്തിന്കഴിയണം.

നമ്മുടെ ഈ മലയോര രൂപതയിൽ നിസ്വാർത്ഥരും സഭാസ്നേഹികളും പക്വമതികളും ആയവർ കത്തോലിക്കാ കോൺഗ്രസിലേക്ക് ഇനിയും കൂടുതലായി കടന്നുവരേണ്ടതുണ്ട്. അങ്ങനെ അവർ സമുദായത്തെ പൊതുസമൂഹത്തിൽ പ്രതിനിധീകരിക്കണം. നമ്മുടെ എല്ലാ ഇടവകകളിലും യൂണിറ്റ് ആരംഭിക്കണം. അങ്ങനെ സമ്പൂർണ്ണ കത്തോലിക്ക കോൺഗ്രസ് രൂപതയായി നമ്മുടെ രൂപതയെ വളർത്തണം. വൈദികരും അല്മായ നേതാക്കളും ഏറെ താല്പര്യത്തോടെ ഇക്കാര്യത്തിനായി മുന്നിട്ടിറങ്ങണം.

ക്രിയാത്മകവും നിസ്വാർത്ഥവുമായ ഇടപെടലുകളിലൂടെ സമുദായത്തിന്റെയും സഭയുടെയും സമൂഹത്തിന്റെയും വളർച്ചയ്ക്ക് വേണ്ടി കത്തോലിക്കാ കോൺഗ്രസ് നടത്തുന്ന പ്രവർത്തനങ്ങൾക്ക് നന്ദിയും പിന്തുണയും അറിയിക്കുന്നു. വരുംകാലഘട്ടങ്ങളിലും സഭയുടെയും സമുദായത്തിന്റെയും കാവൽ ശക്തിയായി നിലകൊള്ളുവാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു. ഏവരുടെയും സഹകരണം ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു.

കത്തോലിക്കാ കോൺഗ്രസിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്പിതാവിന്റെയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

ഈശോമിശിഹായിൽ സ്നേഹപൂർവ്വം,

**മാർ ജോൺ നെല്ലിക്കുന്നേൽ**
ഇടുക്കി രൂപതാ മെത്രാൻ

NB: ഈ സർക്കുലർ ഓഗസ്റ്റ് 25-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.

**Prot. No. 0715/2024**

### സർക്കുലർ

# അഞ്ചാമതു മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ
റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ
മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും
സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക്
ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ സഭയുടെ അഞ്ചാമതു മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയെക്കുറിച്ച് അറിയിക്കുന്നതിനാണ് ഇപ്പോൾ നിങ്ങൾക്ക് എഴുതുന്നത്. മേജർ ആർച്ചുബിഷപ്പ് അധ്യക്ഷനായുള്ള സഭ മുഴുവന്റെയും ആലോചനായോഗമാണു മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി അഥവാ സഭായോഗം. സഭയിലെ മെത്രാൻമാരുടെയും, പുരോഹിത, സമർപ്പിത, അല്മായ പ്രതിനിധികളുടെയും സംയുക്തയോഗമാണിത്.

മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭ ഒരു വലിയ കൂട്ടായ്മയാണ് എന്ന യാഥാർഥ്യമാണു സഭായോഗത്തിന്റെ അടിസ്ഥാനം. അസംബ്ലിയുടെ ദൗത്യത്തെപ്പറ്റി പൗരസ്ത്യസഭകൾക്കായുള്ള കാനൻനിയമം കൃത്യമായി പ്രതിപാദിക്കുന്നുണ്ട്. സഭയിൽ പ്രധാനപ്പെട്ട കാര്യങ്ങൾ തീരുമാനിക്കേണ്ടിവരുമ്പോൾ മേജർ ആർച്ചുബിഷപ്പിനെയും മെത്രാൻസിനഡിനെയും സഹായിക്കാൻ വേണ്ടിയുള്ള ആലോചനായോഗമാണിത്. കാലോചിതമായ വിഷയങ്ങൾ ചർച്ചചെയ്യുകയും സഭയുടെയും സമൂഹത്തിന്റെയും പൊതുനന്മ കണക്കിലെടുത്തു കർമപരിപാടികൾ രൂപീകരിക്കുന്നതിനു മെത്രാൻസിനഡിനെ സഹായിക്കുകയും ചെയ്യുക എന്നതാണ് അസംബ്ലിയുടെ ദൗത്യം.

അഞ്ചുവർഷത്തിൽ ഒരിക്കൽ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി വിളിച്ചുചേർക്കണമെന്നതാണു സഭാനിയമം. നമ്മുടെ സഭ 1992-ൽ മേജർ ആർക്കിഎപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ടതിനുശേഷം ആദ്യത്തെ അസംബ്ലി നടക്കുന്നത് 1998-ലാണ്. പിന്നീട്, 2004, 2010, 2016 എന്നീ വർഷങ്ങളിലും ഈ സഭായോഗം കൂടുകയുണ്ടായി. 2016-നുശേഷം എട്ടു വർഷങ്ങൾ പിന്നിടുമ്പോഴാണ് 2024-ൽ അഞ്ചാമത്തെ അസംബ്ലി നടക്കുന്നത്. കോവിഡു മഹാമാരിയുടെ പശ്ചാത്തലത്തിൽ നിലനിന്നിരുന്ന അനിശ്ചിതത്വമാണ് 2021-ൽ നടക്കേണ്ടിയിരുന്ന അസംബ്ലി ഇത്രയും വൈകാൻ കാരണമായത്.

പാലാ രൂപതയാണ് ഇത്തവണത്തെ അസംബ്ലിയുടെ ആതിഥേയർ. പാലായിലെ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ 2024 ഓഗസ്റ്റ് 22 വ്യാഴാഴ്ച വൈകുന്നേരം ആരംഭിച്ചു 25 ഞായറാഴ്ച ഉച്ചയോടെ സമാപിക്കുന്ന രീതിയിലാണ് അസംബ്ലി ക്രമീകരിച്ചിരിക്കുന്നത്. അസംബ്ലിയുടെ വിജയകരമായ നടത്തിപ്പിനുവേണ്ട ക്രമീകരണങ്ങൾ അസംബ്ലി കമ്മിറ്റി കൺവീനർ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെയും  പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവിന്റെയും നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ ചെയ്തുകൊണ്ടിരിക്കുന്നു.

മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയിൽ ആരൊക്കെയാണു പങ്കെടുക്കേണ്ടത് എന്നതു സഭാനിയമം നിശ്ചയിച്ചിട്ടുണ്ട്. രൂപതകളിൽനിന്നും സമർപ്പിതസമൂഹങ്ങളിൽനിന്നുമുള്ള പ്രതിനിധികളാണ് അസംബ്ലി അംഗങ്ങൾ. രൂപതകളുടെയും സമർപ്പിതസമൂഹങ്ങളുടെയും എണ്ണം വർധിച്ചുവന്നപ്പോൾ അസംബ്ലിയിൽ പങ്കെടുക്കുന്നവരുടെ എണ്ണവും ആനുപാതികമായി ഉയർന്നു. 2016-ൽ 488 പേരാണ് പങ്കെടുത്തത്. അതിന് പുറമേയായിരുന്നു കമ്മിറ്റി അംഗങ്ങളും മറ്റു ശുശ്രൂഷകരും. അസംബ്ലിയുടെ നടത്തിപ്പിന്റെ പ്രായോഗികതലങ്ങൾ പരിഗണിച്ചും എല്ലാവരുടെയും ആശയങ്ങൾ ഫലപ്രദ

മായി അവതരിപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നതിനുംവേണ്ടി പങ്കെടുക്കേണ്ടവരുടെ എണ്ണംകുറയ്ക്കാൻ മെത്രാൻസിനഡു തീരുമാനിച്ചു. അതിൻപ്രകാരം, പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തോടെ അസംബ്ലിയിൽ പങ്കെടുക്കുന്നവരെക്കുറിച്ചുള്ള ഭേദഗതി വരുത്തിയ സഭയുടെ പ്രത്യേകനിയമം ഒരു കല്പനവഴി 2024 മാർച്ച് 25നു പ്രാബല്യത്തിൽ വരുത്തിയിരുന്നു. ഈ പുതിയ നിയമമനുസരിച്ച് 80 വയസിൽ താഴെയുള്ള മെത്രാന്മാരും വൈദിക സമർപ്പിത അല്മായ പ്രതിനിധികളുമടങ്ങിയ 360 അംഗങ്ങളാണ് ഇത്തവണ പങ്കെടുക്കുന്നത്.

അഞ്ചാമത്തെ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ പ്രമേയം, 'കാലാനുസൃതമായ സഭാജീവിതവും ദൗത്യവും സീറോമലബാർസഭയിൽ' എന്നുള്ളതാണ്. ഇതിനെ അടിസ്ഥാനപ്പെടുത്തി, വിശ്വാസരൂപീകരണത്തിന്റെ നവീകരണം, സുവിശേഷ പ്രഘോ ഷണത്തിലെ അല്മായപങ്കാളിത്തം, സീറോമലബാർ സമുദായ ശക്തീകരണം എന്നീ മൂന്നു വിഷയങ്ങൾ അസംബ്ലിയുടെ പ്രത്യേക വിചിന്തനത്തിനു വിഷയമാകും.

പ്രിയപ്പെട്ടവരേ, പ്രാർഥനയുടെയും വിചിന്തനത്തിന്റെയും ആത്മാവിൽ ഐക്യപ്പെട്ടുകൊണ്ടും ദൈവം സഭയ്ക്കും സഭയിലൂടെയും ചെയ്ത മഹത്തായ കാര്യങ്ങൾ പ്രഘോഷിക്കുകയും ആഘോഷിക്കുകയും ചെയ്തുകൊണ്ടും സീറോമലബാർസഭയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ വഴികാട്ടിയായി നില്ക്കേണ്ട കാഴ്ചപ്പാടുകളും ആദർശങ്ങളും രൂപീകരിക്കാനാണ് അസംബ്ലി ശ്രമിക്കുന്നത്. ഇതിൽ പങ്കെടുക്കുന്ന എല്ലാവരും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാനും പൊതുനന്മ ലക്ഷ്യമാക്കി ആശയങ്ങൾ പങ്കുവയ്ക്കാനും ദൈവമഹത്വത്തിനും സഭയുടെ വളർച്ചയ്ക്കും ഉപകരിക്കുന്ന ആശയരൂപീകരണം സാധ്യമാകുന്നതിനുംവേണ്ടി സഭ മുഴുവനും ഒരു മനസ്സോടെ പ്രാർഥിക്കണമെന്നു ഞാൻ സ്നേഹത്തോടെ അ

ഭ്യർഥിക്കുന്നു. ഇതോടൊപ്പം നല്കുന്ന കാറോസൂസ ഓഗസ്റ്റ് 4 മുതൽ എല്ലാ വിശുദ്ധ കുർബാനയിലും ചൊല്ലേണ്ടതാണ്.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കാര്യാലയത്തിൽനിന്നു 2024-ാം ആണ്ടു ജൂലൈ മാസം 24-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

NB: 1. ഈ സർക്കുലർ2024 ഓഗസ്റ്റ് 4-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവകദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

2. ഓഗസ്റ്റ് 4 മുതൽ എല്ലാ വിശുദ്ധ കുർബാനയിലും ചൊല്ലേണ്ട കാറോസൂസ:

**ശുശ്രൂ:** അഞ്ചാമതു മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ളിക്കായി ഒരുങ്ങുന്ന സീറോമലബാർസഭയെയും പ്രത്യേകമായി അസംബ്ളിയിൽ പങ്കെടുക്കുന്ന എല്ലാവരെയും സമർപ്പിക്കുന്നു. കാലാനുസൃതമായ സഭാജീവിതവും ദൗത്യവുംഎന്ന വിഷയം വിചിന്തനം ചെയ്ത്, കാലത്തിന്റെ അടയാളങ്ങൾ വിവേചിച്ചറിഞ്ഞ്, സ്നേഹത്തിൽ ഒന്നായി മുന്നോട്ടുപോകുന്ന സഭാസമൂഹമാകാൻ സഹായിക്കുന്ന കാഴ്ചപ്പാടുകൾ രൂപീകരിക്കാൻ പരിശുദ്ധാത്മാവിന്റെ പ്രത്യേക സാന്നിധ്യം നല്കി അസംബ്ലിയെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂ**. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**No: 4033/K-5/KCBC/OL/DS**

## സർക്കുലർ

# തടവറ ശുശ്രൂഷാഞായർ

**11 ഓഗസ്റ്റ് 2024**

## തടവുകാർ നമ്മുടെ സ്നേഹിതർ

കർത്താവായ മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ഓഗസ്റ്റ് മാസത്തിലെ രണ്ടാം ഞായറാഴ്ചയാണ് തടവറ ശുശ്രൂഷാഞായറായി ആചരിക്കപ്പെടുന്നത്. വിശുദ്ധ മാക്സ്മില്യൻ കോൾബേയുടെ (1894-1941) തിരുനാൾ ഓഗസ്റ്റ് പതിനാലാം തീയതി ആഘോഷിക്കപ്പെടുന്നതിന്റെ പശ്ചാത്തലത്തിലാണിത്. വി. മാക്സ്മില്യൻ കോൾബേ തടവറയിൽ ആയിരിക്കുന്നവരുടെയും തടവറ പ്രേഷിതത്വത്തിന്റെയും മധ്യസ്ഥനാണ്. "ഇനി ഞാൻ നിങ്ങളെ ദാസന്മാർ എന്നു വിളിക്കുകയില്ല. കാരണം, യജമാനൻ ചെയ്യുന്നതെന്തെന്ന് ദാസൻ അറിയുന്നില്ല. എന്നാൽ, ഞാൻ നിങ്ങളെ സ്നേഹി തന്മാർ എന്നു വിളിച്ചു. എന്തെന്നാൽ, എന്റെ പിതാവിൽനിന്നു കേട്ടതെല്ലാം നിങ്ങളെ ഞാൻ അറിയിച്ചു" (യോഹ 15:15). തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ ഈശോ തന്റെ തെരഞ്ഞെടു ക്കപ്പെട്ടവരെ സ്നേഹിതന്മാർ എന്നാണ് വിളിച്ചത്. ആരായിരുന്നു ഈ തെരഞ്ഞെടുക്കപ്പെട്ടവർ? അവർ തികച്ചും സാധാരണക്കാരും ബലഹീനരും പ്രലോഭനങ്ങളിൽ ഇടറിവീണവരുമായിരുന്നു! പിന്നീട് തന്നെ നിഷേധിച്ചു പറയും എന്നു താൻ അറിഞ്ഞിരുന്ന പത്രോസിനെയും ഒറ്റുകാരനായിരുന്ന യൂദാസിനെയും ചുങ്കക്കാരനായ മത്തായിയെയും യേശു സ്നേഹിതൻ എന്ന് വിളിച്ചു. കുറവുകളുള്ള ആ മനുഷ്യരെയെല്ലാം ക്രിസ്തു സ്നേഹിതരെന്നു വിളിച്ചെങ്കിൽ തടവുപുള്ളികളെയും അവിടന്ന് അപ്രകാരം വിളിക്കില്ലേ? യേശുവിനെ അനുഗമിക്കുന്നവരായ നമുക്കും തടവറയുടെ മക്കൾ സ്നേഹിതരാകേണ്ടവരാണ്.

## തടവറ ശുശ്രൂഷാഞ്ഞായർ

തടവറ പ്രേഷിതഞ്ഞായർ ആചരിക്കുന്ന ഈ വേളയിൽ തടവുകാരെ നമുക്ക് നമ്മുടെ സ്നേഹിതരായി കണക്കാക്കുകയും അവരുടെ സമഗ്ര മാനുഷിക വളർച്ചയ്ക്കായി പ്രവർത്തിക്കുകയും ചെയ്യാം. ഭാരതത്തിലെ തടവറപ്രേഷിത ശുശ്രൂഷ (Prison Ministry India) ഒരു ആധ്യാത്മിക പ്രസ്ഥാനമാണ്. അത് തടവുപുള്ളികളുടെയും അവരുടെ ഇരകളുടെയും മോചനത്തിനും നവീകരണത്തിനും പുനരധിവാസത്തിനും വേണ്ടി പ്രവർത്തിച്ചുവരുന്നു. ജീസ്സസ് ഫ്രട്ടേണിറ്റി (യേശു സാഹോദര്യം) എന്നാണ് ഇത് കേരളത്തിൽ അറിയപ്പെടുന്നത്. തൊഴിൽ പദ്ധതികൾ, തടവറയിൽ ആയിരിക്കുന്നവർക്കും അവരുടെ മക്കൾക്കുംവേണ്ടിയുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, തടവറയിൽ ആയിരിക്കുന്നവരുടെ മോചനത്തിനുള്ള നിയമസഹായങ്ങൾ, വിവാഹത്തിനും കുടുംബങ്ങളുടെ ദൈനംദിനകാര്യങ്ങൾക്കും വേണ്ട സഹായങ്ങൾ, ഭവന നിർമാണപദ്ധതി എന്നിവ ജീസ്സസ് ഫ്രട്ടേണിറ്റി നടത്തിവരുന്നു. ജയിൽ മോചിതരായ പുരുഷന്മാർക്കുവേണ്ടി തൃശൂർ ജില്ലയിൽ വെട്ടുകാട് എന്ന സ്ഥലത്തും സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം, മൺവിളയിലും പുനരധിവാസകേന്ദ്രങ്ങൾ സ്നേഹാശ്രമം എന്ന പേരിൽ ജീസ്സസ് ഫ്രട്ടേണിറ്റി നടത്തുന്നുണ്ട്. തടവറയിൽ ആയിരിക്കുന്നവരുടെ മക്കൾക്കുവേണ്ടിയും ജീസ്സസ് ഫ്രട്ടേണിറ്റിയുടെ ഭവനങ്ങളുണ്ട്. അതീവ സുരക്ഷാസംവിധാനങ്ങളുള്ള ജയിലറകളിലെ അതിക്രൂരരായ ജയിൽപുള്ളികൾ പ്രത്യാശയുടെ സന്ദേശവാഹകരായി മാറിയ സംഭവങ്ങളുണ്ട്. യേശു സാഹോദര്യത്തിന്റെ പ്രവർത്തനം വഴിയായി, കർത്താവ് നല്ല കള്ളനു നല്കിയതുപോലെ, ഇന്നും അനേകർക്ക് വിമോചനം ലഭിക്കുന്നു. നമുക്കും ഈ മഹത്തായ ശുശ്രൂഷയിൽ ആത്മാർഥമായി പങ്കുകാരാകാം.

ദൈവം പാപിയെ സ്നേഹിക്കുന്നു; എന്നാൽ പാപത്തെ വെറുക്കുന്നു. ദൈവപുത്രൻ ഈ ലോകത്തിലേക്ക് വന്നത് എല്ലാവരെയും രക്ഷിക്കാനാണ്. ചുങ്കക്കാരനായ മത്തായിയെ യേശു വിളിച്ചു; കാരണം, ഈ പാപിക്ക് ഒരു ഭാവിദൗത്യമുണ്ടെന്ന് യേശു

വിന് അറിയാമായിരുന്നു. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീക്ക് ഈശോ മാപ്പു നല്കുകയും അവളെ ആശീർവദിക്കുകയും ചെയ്തു. കാരണം, അവൾക്കും നന്മനിറഞ്ഞ ഒരു ഭാവി ഉണ്ടെന്ന് അവിടുന്ന് അറിഞ്ഞിരുന്നു. എല്ലാ വിശുദ്ധർക്കും ഒരു ഭൂതകാലവും എല്ലാ പാപികൾക്കും ഒരു ഭാവികാലവും ഉണ്ട്. ഫ്രാൻസീസ് മാർപാപ്പാ എഴുതുന്നു: "നമ്മോടു ക്ഷമിക്കുന്നതിൽ ദൈവം ഒരിക്കലും ക്ഷീണിതനാകുന്നില്ല. അവിടുത്തെ കാരുണ്യം തേടുന്നതിൽ ക്ഷീണിതരാകുന്നത് നമ്മളാണ്" (EG. 3). ദൈവം നമ്മോടു ക്ഷമിക്കു കയും നമ്മെ നവീകരിക്കുകയും പുനഃപ്രതിഷ്ഠിക്കുകയും ചെയ്യുന്നു. ജയിലറകൾ വലിയ കുറ്റവാളികളും കൊലപാതകികളും തസ്കരന്മാരും വസിക്കുന്ന ഇടമാണെങ്കിലും അവിടേയ്ക്കും ദൈവകൃപയുടെ പ്രവാഹമുണ്ട്. 'പാപം വർധിച്ചിടത്ത് കൃപ അതിലേറെ വർധിച്ചു' (റോമാ 5:20). എന്ന തിരുവചനചിന്ത പ്രത്യാശാഭരിതമാണ്.

## തടവറകളിലെ സ്ഥിതിവിവര കണക്ക്

2022 ഡിസംബർ 31-ാം തീയതി National Crime Records Bureau പ്രസിദ്ധീകരിച്ച ഏറ്റവും പുതിയ കണക്കനുസരിച്ച് ഇന്ത്യയിലെ 1330 ജയിലുകളിലായി 5,73,220 തടവുകാർ ഉണ്ട്. അവയിൽ 4,34,302 പേർ വിചാരണത്തടവുകാരാണ്; അവർ ഇനിയും വിധികൂടാതെ തടവറകളിൽ പാർപ്പിക്കപ്പെട്ടവരാണ്. ഇതിൽ 23,772 പേർ സ്ത്രീകളാണ്; 1537 പേർ കുട്ടികൾകൂടെയുള്ള അമ്മമാരാണ്. 544 പേർ വധശിക്ഷ പ്രതീക്ഷിച്ച് കഴിയുന്നവരാണ്; 6283 പേർ വിദേശിയരുമാണ്. തടവുകാരിൽ ഏതാണ്ട് 10% എങ്കിലും കുറ്റം ചെയ്യാത്തവരെന്നു കരുതപ്പെടുന്നു. ആഗോളതലത്തിൽ 1.3 കോടി തടവുകാരുണ്ട്. തടവറയിലുള്ള നമ്മുടെ സഹോദരരെ സന്ദർശിച്ച് അവർക്ക് ആത്മീയവും ഭൗതികവുമായ സഹായം ചെയ്തു കൊടുക്കുക എന്നത് ക്രിസ്തീയ ആദ്ധ്യാത്മികതയുടെ ഭാഗമാണ്. എന്തെന്നാൽ ഈശോ പറഞ്ഞു, "ഞാൻ കാരാഗൃഹത്തിലായിരുന്നു; നിങ്ങൾ എന്റെയടുത്തുവന്നു" (മത്താ 25:36).

## തടവറയ്ക്കുള്ളിലെ ഈശോയുടെ സ്നേഹിതർ

അഴികൾക്കുള്ളിൽ കഴിയുന്ന നമ്മുടെ എല്ലാ സഹോദരങ്ങളും വലിയ ഭീതിയിലും ആശങ്കയിലുമാണ് ജീവിക്കുന്നത്. നാളെ എന്ത് സംഭവിക്കും എന്ന ചിന്ത അവരുടെ ഉള്ളിലെ ശക്തി മുഴുവനും

ചോർത്തിക്കളയുന്നു. നമ്മൾ അവരെ സന്ദർശിക്കുമ്പോഴെല്ലാം അവർ അഭ്യർഥിക്കുന്നത്, തങ്ങൾക്കും തങ്ങളുടെ കുടുംബങ്ങൾക്കും വേണ്ടി പ്രാർഥിക്കണമേയെന്നാണ്. "നാളെ എന്റെ കേസിന്റെ വിചാരണയാണ്", "ജാമ്യാപേക്ഷ പരിഗണിക്കാനിരിക്കുകയാണ്", "എന്റെ മകളുടെ വിവാഹമാണ്" എന്നിങ്ങനെ പോകുന്നു അവരുടെ നിയോഗങ്ങൾ. വേദനയുടെയും കണ്ണീരിന്റെയും ആത്മസംഘർഷത്തിന്റെയും സഹനത്തിന്റെയും ഇടമാണ് തടവറ. ഒരു ദിവസം അവരുടെ കണ്ണുനീർ കൃപയുടെ നീർച്ചാലായിമാറാൻ സാധ്യതയുണ്ട്. ഫരിസേയന്റെ ഭവനത്തിലേക്ക് കടന്നുവന്ന സ്ത്രീ മറ്റു മനുഷ്യരുടെ കണ്ണുകളിൽ ഒരു പാപിനിയായിരുന്നു; എന്നാൽ ദൈവപുത്രിയായി പരിണമിച്ചു കൊണ്ടിരുന്നവളെയാണ് യേശു അവളിൽ കണ്ടത്. അവൾ യേശുവിന്റെ സ്നേഹിതയായി മാറുകയായിരുന്നു. അതു പോലെതന്നെയാണ് തടവറയിലുള്ള നമ്മുടെ സഹോദരരും.

## പ്രേഷിത മാർഗങ്ങൾ

പ്രിയപ്പെട്ടവരേ, തടവറയിൽ കഴിയുന്നവരെ നമുക്ക് മൂന്ന് രീതിയിൽ സഹായിക്കാനാകും. 1. **പ്രാർത്ഥനയിലൂടെ**: ജയിലിലായിരിക്കുന്നവരുടെ നവീകരണത്തിനും പുനരധിവാസത്തിനുംവേണ്ടി നമുക്ക് ത്യാഗമനുഷ്ഠിച്ച് പ്രാർഥിക്കാം. 2. **സന്നദ്ധസേവനത്തിലൂടെ**: മുറിവേറ്റവരും തിരസ്കരിക്കപ്പെട്ടവരും നഷ്ടപ്പെട്ടവരുമായവരെ ജീസസ്സ് ഫ്രട്ടേണിറ്റിയോട് ചേർന്നു ശുശ്രൂഷിക്കാനുള്ള നിങ്ങളുടെ താത്പര്യം വിളിക്കുള്ളിലെ ഒരു വിളിയാണ് (a call within a call). ഒരു സാധാരണക്കാരനുപോലും അഴികൾക്കു പിന്നിലുള്ള സഹോദരങ്ങൾക്കുവേണ്ടി ചെറിയ കാര്യങ്ങൾ വലിയ സ്നേഹ ത്തോടെ ചെയ്യാനാകും. 3. **സാമ്പത്തിക സഹായത്തിലൂടെ**: തടവറയിലായിരിക്കുന്നവരുടെ നവീകരണത്തിനും പുനരധിവാസത്തിനും വേണ്ടിയുള്ള സാമ്പത്തിക സഹായം ഏറെ പ്രശംസാർഹമാണ്. തടവറ ശുശ്രൂഷയുടെ ഒരടിസ്ഥാനതത്ത്വം അപരനുവേണ്ടിയുള്ള യാചനയാണ്. ഇത് ഒരനുഗ്രഹമായാണ് നമ്മൾ കരുതുന്നത്. കാരണം, നാം യാചിക്കുന്നത് മറ്റുള്ളവർക്കുവേണ്ടിയാണ്; നിസ്സഹായരായ തടവറമക്കൾക്ക് മെച്ചപ്പെട്ട ഭാവി ഉണ്ടാവുക എന്ന ലക്ഷ്യത്തോടെയാണ് നാം സുമനസ്സുകളുടെ സഹായം തേടുന്നത്. അവരുടെ ജീവിതത്തിന് മാഹാത്മ്യം ലഭിക്കാനുതകുന്ന ഈ വിനീതശ്രമങ്ങൾ ഏറെ ശ്ലാഘനീയമാണ്.

ഉദാരമായ സംഭാവനകൾ നൽകി സഹായിക്കുന്ന എല്ലാ രൂപതകളോടും സന്യാസസമൂഹങ്ങളോടും വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ഗുണകാംക്ഷികളോടും ഞങ്ങൾ ഹൃദയപൂർവം നന്ദി പറയുന്നു. നഷ്ടപ്പെട്ടവരെ തേടിവന്ന മിശിഹാ നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കും. ജീസസ്സ് ഫ്രട്ടേണിറ്റിയിലെ സന്നദ്ധസേവകരുടെ അകമഴിഞ്ഞ അധ്വാനത്തെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നു. നമ്മുടെ മാതാവായ കന്യകാമറിയവും പ്രത്യേക മധ്യസ്ഥനായ വിശുദ്ധ മാക്സ്മില്യൻ കോൾബേയും നമുക്കായി പ്രാർത്ഥിക്കുകയും നമ്മുടെ ശുശ്രൂഷകൾക്ക് ശക്തി പകരുകയും ചെയ്യട്ടെ.

കർത്താവായ ക്രിസ്തുവിൽ സ്നേഹപൂർവ്വം,

**ബിഷപ് മാർ ജോസ് പുളിക്കൽ**
(ചെയർപേഴ്സൺ, പ്രിസൺ മിനിസ്ട്രി, ഇന്ത്യ
ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ്
ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് തോമസ് മാർ കൂറിലോസ്**
(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ്
ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് തോമസ് ജെ. നെറ്റോ**
(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ്
ഡെവലപ്പ്മെന്റ് കമ്മീഷൻ)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, കൊച്ചി: 682 025

N:B: 2024 ഓഗസ്റ്റ് 11-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുമല്ലോ.

No: 4034/K-5/KCBC/OL/DS

# ജസ്റ്റിസ് സൺഡേ (നീതിഞായർ)

**2024 ഓഗസ്റ്റ് 18**

## കെ.സി.ബി.സി. എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ ഏറ്റവും പ്രിയ ബഹു. വൈദികരേ, പ്രിയ സിസ്റ്റേഴ്സ്, സഹോദരീ സഹോദരന്മാരേ,

ഭാരതം സ്വതന്ത്രയായിട്ട് 77 വർഷം തികയുകയാണ്. മതേതര ജനാധിപത്യ രാജ്യം ആയ നമ്മുടെ ഭാരതത്തിൽ ജാതിയുടെയും മതത്തിന്റെയും പേരിൽ വിവേചനം അനുഭവിക്കുന്ന ക്രിസ്തുമത വിശ്വാസികളായ ദളിത് ക്രൈസ്തവരുടെ അവസ്ഥ മുൻകാലങ്ങളേക്കാൾ വളരെ ദയനീയമാണ്.

ജാതിയുടെയോ മതത്തിന്റെയോ പേരിൽ ഒരു പൗരന്റെയും അവകാശങ്ങൾ നിഷേധിക്കാൻ പാടില്ല എന്ന് ഭരണഘടന ആർട്ടിക്കിൾ 25 വ്യക്തമാക്കുമ്പോൾ കഴിഞ്ഞ 76 വർഷമായി സ്വന്തം രാജ്യത്ത് ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെട്ട് കഴിയുന്നവരാണ് നമ്മുടെ സഹോദരന്മാരായ ദളിത് ക്രൈസ്തവർ.

ക്രിസ്തുമതം സ്വീകരിച്ചു എന്ന ഒറ്റ കാരണത്താലാണ് പട്ടിക ജാതി സംവരണം നിഷേധിക്കപ്പെട്ടത്.

1950 ഓഗസ്റ്റ് 10-ന് ഇന്ത്യൻ പ്രസിഡന്റ് ഇറക്കിയ പ്രത്യേക ഉത്തരവിന്റെ മൂന്നാം ഖണ്ഡികയിലാണ് ഈ അവകാശനിഷേധം. ഹിന്ദുമത വിശ്വാസികളായ ദളിതർക്കു മാത്രമായി പട്ടികജാതി സംവരണം പരിമിതപ്പെടുത്തി. എന്നാൽ 1956-ൽ സിക്ക് വിശ്വാസികളെയും 1990-ൽ ബുദ്ധമത വിശ്വാസികളായ ദളിതരെയും ഈ പട്ടികയിൽ ഉൾപ്പെടുത്തി. കേന്ദ്ര സംസ്ഥാന സർക്കാരുകൾ പിന്നാക്ക വിഭാഗങ്ങളെ കുറിച്ച് പഠിക്കുവാൻ നിയോഗിച്ച കമ്മീഷനുകൾ എല്ലാം പട്ടികജാതിക്കാരെ പോലെ ക്രിസ്തുമതം സ്വീകരിച്ച ദളിതരും

പിന്നാക്കമാണ് എന്നും അവരെയും പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ നാളിതുവരെയായി ഈ ആവശ്യം അംഗീകരിച്ചു തന്നിട്ടില്ല. ഇതിലൂടെ ഭരണ പങ്കാളിത്തവും ഉദ്യോഗ, വിദ്യാഭ്യാസ പ്രവേശനവും വിദ്യാഭ്യാസ ആനുകൂല്യവും, നിയമനങ്ങളും ലഭിക്കുന്നില്ല.

ഈ അനീതിക്കെതിരെയാണ് 1986-ൽ ഗോവയിൽ കൂടിയ ഭാരത കത്തോലിക്കാ മെത്രാൻ സമിതി (CBCI) ഓഗസ്റ്റ് 15 കഴിഞ്ഞ് വരുന്ന ഞായറാഴ്ച നീതി ഞായർ ആയി (ജസ്റ്റിസ് സൺഡേ) ആചരിക്കുവാൻ ആഹ്വാനം ചെയ്തത്.

ഭാരതത്തിലെ കത്തോലിക്ക സഭയിൽ രണ്ട് കോടി ജനങ്ങളിൽ ഒന്നരക്കോടി ജനങ്ങളും ദളിത് വിഭാഗത്തിൽ നിന്നും കത്തോലിക്ക വിശ്വാസം സ്വീകരിച്ചവരാണ്.

ഇവർ അനുഭവിക്കുന്ന ഈ നീതി നിഷേധം ക്രൈസ്തവ വിശ്വാസം സ്വീകരിച്ചതുകൊണ്ടു മാത്രമാണ്. അവരുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കുവാൻ അവരോടൊപ്പം പങ്കുചേരുവാനും ഐക്യദാർഢ്യം പ്രകടിപ്പിക്കുവാനും നീതി നിഷേധത്തിനെതിരെ അവർക്കൊപ്പം നിൽക്കുവാനുമാണ് നീതി ഞായർ ആചരിക്കുന്നതിന്റെ ലക്ഷ്യം. നമ്മളോടൊപ്പം ആയിരിക്കുന്ന ഈ സഹോദരന്മാരെ കൈപിടിച്ചുയർത്തേണ്ടതും വളർത്തേണ്ടതും നമ്മുടെ കടമയും കർത്തവ്യവുമാണ്. സ്വന്തമായി കിടപ്പാടം ഇല്ലാത്തവരും വാടക വീടുകളിൽ കഴിയുന്നവരും സ്വന്തമായി ഭവനം ഇല്ലാത്ത അംഗങ്ങളും ഈ സമൂഹത്തിൽ നിരവധിയാണ്. ഒരു ഭവനത്തിൽ തന്നെ കൂട്ടുകുടുംബമായി കഴിയുന്നവരുമുണ്ട്. അതുപോലെതന്നെ സ്ഥിരമായ തൊഴിലുകൾ ഇല്ലാത്ത അവസ്ഥ ഈ സമൂഹത്തെ കൂടുതൽ ദുരിതത്തിന് കാരണമായിട്ടുണ്ട്.

കേന്ദ്രസർക്കാർ പട്ടികജാതി സംവരണം നിഷേധിക്കുമ്പോൾ സംസ്ഥാന സർക്കാരുകളും വിവിധ ഉത്തരവുകളിലൂടെ ദളിത് ക്രൈസ്തവരെ പീഡിപ്പിച്ചു കൊണ്ടിരിക്കുന്നു. 1959 മുതൽ ലഭിച്ചുകൊണ്ടിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഒന്നൊന്നായി

നിഷേധിച്ചു കൊണ്ടിരിക്കുന്നു. കമ്മ്യൂണിറ്റി ക്വോട്ടയിലെ പ്രവേശനം ലഭിക്കുകയില്ല എന്നുമാത്രമല്ല ഫീസ് കൊടുത്തു പഠിക്കുകയും ചെയ്യേണ്ട സാഹചര്യം ആണ്. സംസ്ഥാന സർക്കാരിൽ നിന്നും 1% സംവരണം ആണ് ദളിത് ക്രൈസ്തവർക്ക് ലഭിക്കുക. അതിൽ തന്നെ എസ്.ഐ.യു.സി (സൗത്ത് ഇന്ത്യൻ യുണൈറ്റഡ് ക്രിസ്ത്യൻ) വിഭാഗത്തെ കൂടെ ഉൾപ്പെടുത്തിയിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ പ്രവേശനത്തിനും ഇത് തന്നെയാണ് അവസ്ഥ.

കേരള പബ്ലിക് സർവീസ് കമ്മീഷൻ (PSC) മുഖേന നടത്തുന്ന തൊഴിലവസരങ്ങളിൽ ക്ലാസ് Iൽ ഒരു ശതമാനവും (റൊട്ടേഷൻ ലിസ്റ്റിൽ 48) ക്ലാസ് IVൽ രണ്ട് ശതമാനവും (റൊട്ടേഷൻ ലിസ്റ്റിൽ 48ഉം 62 ഉം) ആണ് ലഭിക്കുന്നത്. ഇങ്ങനെ ലഭിക്കുന്ന നാമമാത്രമായ തൊഴിലവസരങ്ങൾ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് ക്ലാസ് IVൽ 2290 ഒഴിവുകളും ക്ലാസ് Iൽ 872 ഒഴിവുകളുമാണ് നികത്തപ്പെടുവാനുള്ളത് എന്നാണ് വ്യക്തമാക്കിയിരിക്കുന്നത്.

സഭാ നവീകരണത്തിന്റെ ഭാഗമായി ഈ സമൂഹത്തെ ഉയർത്തുവാനും സ്ഥലമില്ലാത്തവർക്ക് സ്ഥലവും കിടപ്പാടം ഇല്ലാത്തവർക്ക് കിടപ്പാടവും കൂട്ടുകുടുംബവുമായി താമസിക്കുന്ന ഭവനങ്ങളിലെ അംഗങ്ങൾക്ക് ഭവനവും, തൊഴിൽ ഒഴിവുകളും വരുമ്പോൾ അവർക്ക് പ്രത്യേകമായ പരിഗണനയും നൽകി അവരെ ഉയർത്തിക്കൊണ്ടുവരുവാൻ കേരള കത്തോലിക്കാസഭ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതുമാണ്.

മതം മാറിയതുകൊണ്ടു മാത്രം ഒരു വ്യക്തിയുടെയോ സമുദായത്തിന്റെയോ സാമൂഹികാവസ്ഥ മാറുന്നില്ല. ക്രിസ്തുമതം സ്വീകരിച്ച ദലിത് സഹോദരങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്ന സാമൂഹിക സാഹചര്യങ്ങൾ ഇതര പട്ടികജാതിക്കാരുടേതിൽനിന്നു വിഭിന്നമല്ല. ഭാരതമൊട്ടുക്ക് ദലിത് പീഡനങ്ങളും വിവേചനപരമായ നടപടികളും തുടർക്കഥയായിരിക്കുമ്പോൾ ദലിത് ക്രൈസ്തവർക്ക് ഇരട്ട പ്രഹരമാണ് ഏൽക്കേണ്ടിവരുന്നത്. ഭരണഘടനയനുസരിച്ചുള്ള സംവരണമില്ല. നിയമ സംവിധാനങ്ങളുടെ പരിരക്ഷയുമില്ല. കേരളത്തിൽ

പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ വഴി ലഭിക്കുന്ന സഹായങ്ങൾ പോലും നിഷേധിക്കപ്പെടുന്നു. ഈ സാഹചര്യങ്ങൾ നമ്മുടെ പ്രത്യേക ശ്രദ്ധ അർഹിക്കുകയും കൂട്ടായ പരിശ്രമം ആവശ്യവുമാണ്.

ദലിത് സഹോദരങ്ങൾക്ക് സഭയ്ക്കുള്ളിൽ അവസരസമത്വവും പ്രത്യേക പരിഗണനയും ആവശ്യമാണ്. 2020 ജൂലൈ 20-ന് റോമിൽ നിന്ന് കോൺഗ്രിഗേഷൻ ഫോർ ക്ലർജി പുറപ്പെടുവിച്ച രേഖ (നമ്പർ 32) നിഷ്കർഷിക്കുന്നത് 'ദരിദ്രരും ഒഴിവാക്കപ്പെട്ടവരും പാർശ്വവൽക്കരിക്കപ്പെട്ടവരും ആയവർക്ക് സഭയുടെ ഹൃദയത്തിൽ സവിശേഷമായ ഒരു സ്ഥാനം ഉണ്ടായിരിക്കണം' എന്നാണ്. ഭാരതത്തിലെ സഭാസംവിധാനങ്ങളിലുള്ള സ്ഥാനങ്ങൾ, നിയമനങ്ങളിലുള്ള പരിഗണന, സാമൂഹിക രാഷ്ട്രീയ രംഗങ്ങളിലുള്ള പങ്കാളിത്തം തുടങ്ങി എല്ലാ മേഖലകളിലും സഭ ദലിത് ക്രൈസ്തവരെ പ്രത്യേകം പരിഗണിച്ച് അവരെ സഹായിക്കുന്നതിന് ഓരോ ഇടവകയും ശ്രദ്ധിക്കണം.

ദലിത് ക്രൈസ്ത വിദ്യാർത്ഥികൾക്ക് (OEC) പ്ലസ്സ് വൺ മുതലുള്ള ഉന്നത വിദ്യാഭ്യാസ പ്രവേശനത്തിന് യാതൊരു സംവരണവും ഇതുവരെ ഏർപ്പെടുത്തിയിട്ടില്ല. കമ്മ്യൂണിറ്റി ക്വോട്ടയിലും, മാനേജ്മെന്റ് ക്വോട്ടയിലും, അഡ്മിഷൻ കിട്ടി എയ്ഡഡ് സ്ഥാപനങ്ങളിലും സ്വാശ്രയ സ്ഥാപനങ്ങളിലും പഠിക്കുന്ന ദലിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റും ലംപ്സം ഗ്രാന്റും കൊടുക്കാൻ പാടില്ല എന്ന ഉത്തരവ് 2023 മാർച്ച് 23-ന് കേരള സർക്കാർ ഇറക്കിയിരുന്നു. കേന്ദ്ര ഗവൺമെന്റ് ന്യൂനപക്ഷ വിഭാഗങ്ങൾക്കായി ഏർപ്പെടുത്തിയിരിക്കുന്ന പ്രീമെട്രിക്, പോസ്റ്റുമെട്രിക് സ്കോളർഷിപ്പുകൾ 2011-ലെ ഓർഡർ പ്രകാരം ലത്തീൻ കത്തോലിക്കർക്കും പരിവർത്തിത ക്രൈസ്തവർക്കും കൊടുക്കുവാനുള്ള നിർദ്ദേശം ഉണ്ടെങ്കിലും കഴിഞ്ഞ പത്തുവർഷമായി ഒഇസി വിഭാഗത്തിൽപ്പെട്ട ദലിത് ക്രൈസ്തവ കുട്ടികൾക്ക് (പരിവർത്തിത ക്രൈസ്തവ), സർക്കാരിൽ നിന്നും സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ് ലഭിക്കുന്നു എന്ന കാരണത്താൽ ന്യൂനപക്ഷ സ്കോളർഷിപ്പ് ഇതുവരെയും ലഭിച്ചിട്ടില്ല. വിദ്യാഭ്യാസ

ത്തിനും തൊഴിലിനും രാഷ്ട്രീയ അധികാരപങ്കാളിത്തത്തിനും ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന മറ്റൊരു ജനവിഭാഗം ഭാരതത്തിലില്ല. നീതിയും സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവുമുള്ള ഒരു രാജ്യത്തിനായി ആശിക്കാം. അതാകട്ടെ നമ്മുടെ ലക്ഷ്യം.

ദലിത് ക്രൈസ്തവരോടുള്ള ഗവൺമെന്റിന്റെ അനീതിപരമായ നടപടികൾക്കെതിരേ ശക്തമായി പ്രതികരിക്കാൻ ക്രൈസ്തവസഭാസമൂഹം മുഴുവനും മുന്നോട്ടുവരേണ്ട സമയമാണിത്. വിദ്യാഭ്യാസത്തിനും തൊഴിലിനും രാഷ്ട്രീയ അധികാര പങ്കാളിത്വത്തിനും ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതിനെതിരേ പ്രതികരിക്കുവാൻ ദളിത് ക്രൈസ്തവരെ ഇന്ത്യൻ പ്രസിഡന്റിന്റെ പ്രത്യേക ഉത്തരവിലൂടെ പട്ടിക ജാതി ലിസ്റ്റിൽ നിന്നും പുറത്താക്കിയ 'ഓഗസ്റ്റ് 10 വഞ്ചനാദിന'മായും CBCI യുടെ ആഹ്വാനപ്രകാരം 'ഓഗസ്റ്റ് 18 ജസ്റ്റീസ് സൺഡേ' (ഐക്യദാർഢ്യ ദിനമായും) ആചരിക്കാം.

കേരള കത്തോലിക്കാസഭയുടെ ദലിത് ശാക്തീകരണ പ്രവർത്തനങ്ങൾ പ്രധാനമായും നടക്കുന്നത് ദലിത് കത്തോലിക്കാ മഹാജനസഭ (DCMS) വഴിയാണ്. ഈ സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് ഏവരുടെയും സഹായസഹകരണങ്ങൾ ആവശ്യമാണ്. കഴിഞ്ഞ അധ്യയനവർഷം (2022-2023) എസ്.എസ്.എൽ.സി., (80%), പ്ലസ് ടു (70%), ഡിഗ്രി/പിജി (60%) തുടങ്ങിയ പരീക്ഷകളിൽ പ്രശസ്ത വിജയ കൈവരിച്ചവർക്കുള്ള കാഷ് അവാർഡ് നൽകി. കെ.സി.ബി.സി, എസ്.സി/എസ്.റ്റി/ബി.സി. കമ്മീഷന്റെ നേതൃത്വത്തിൽ ദലിത് കത്തോലിക്കാ കുട്ടികൾക്കുവേണ്ടിയുള്ള ടാലന്റ് & സ്കിൽ ഡവലപ്മെന്റ് ട്രെയിനിംഗ് പ്രോഗ്രാം (TSDTP), SSLC കഴിഞ്ഞവർക്കുള്ള എൻട്രൻസ് കോച്ചിംഗ് ക്ലാസ്സുകൾ എന്നിവ ആരംഭിച്ചു കഴിഞ്ഞു. കലാപരമായ കഴിവുകൾ കണ്ടെത്തി വളർത്തുന്നതിനുള്ള പരിശീലനം (സിംഫണി ആർട്സ്), എസ്.എസ്.എൽ.സി., പ്ലസ്ടു, ഡിഗ്രി ക്ലാസ് കഴിഞ്ഞവർ

ക്കുള്ള പി.എസ്.സി. കോച്ചിംഗ് ക്ലാസുകൾ എന്നിവ ഉടനെ ആരംഭി ക്കുന്നതാണ്. ദലിത് കത്തോലിക്കാ ക്ഷേമപ്രവർത്തനങ്ങൾക്കു വേണ്ടി ജസ്റ്റിസ് സൺഡേയോടനുബന്ധിച്ച് ഇടവകതലത്തിൽ നടത്താറുള്ള സ്തോത്രകാഴ്ച ഇടവകകളിൽനിന്നും ശേഖരിച്ച് രൂപതാ കേന്ദ്രങ്ങൾ വഴി കെ.സി.ബി.സി, എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷന് അയച്ചുതരേണ്ടതാണ്. ജസ്റ്റിസ് സൺഡേദിനത്തിൽ ഇടവ കതലത്തിൽ വിവിധ സംഘടനാംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചാ ക്ലാസുകളും സമ്മേളനവും നടത്തി ജസ്റ്റിസ് സൺഡേ ആചരണം അർത്ഥവത്താക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ്പ് ഗീവർഗീസ് മാർ അപ്രേം**
(ചെയർമാൻ, KCBC SC/ST/BC COMMISSION)

**റൈറ്റ് റവ. ഡോ. വിൻസന്റ് സാമുവൽ**
(വൈസ് ചെയർമാൻ, KCBC SC/ST/BC COMMISSION)

**മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കൽ**
(വൈസ് ചെയർമാൻ, KCBC SC/ST/BC COMMISSION)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, കൊച്ചി: 682 025

N:B: 2024 ഓഗസ്റ്റ് 18-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപന ങ്ങളിലും വായിക്കുമല്ലോ.

| | | ജൂൺ 2024 |
|---|---|---|
| 25/06/2024 | 10.00 am | മൈലാടുംപാറ ഇടവകാംഗമായ സ്കറിയ ഞാവള്ളിയുടെ 41-ാം ചരമദിനത്തിൽ വി. കുർബാനയർപ്പിച്ച് സിമിത്തേരിയിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| 25/06/2024 | 4.00 pm | തങ്കമണി സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽ നിന്നും നിർമ്മിച്ചു നൽകിയ വീടുകളുടെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു. |
| 25/06/2024 | 6.00 pm | നേര്യമംഗലത്ത് അപകടത്തിൽ മരിച്ച പാണ്ടിപ്പാറ ഇടവകാംഗമായ കുപ്പമല ജോസഫിന്റെ ഭവനത്തിൽ എത്തി ഒപ്പീസുചൊല്ലി അനുശോചനം അറിയിച്ചു. |
| 28/06/2024 | 10:30 am | കരിമ്പൻ ബിഷപ്സ് ഹൗസിൽ സമ്മേളിച്ച വിവിധ സംഘടനകളുടെ ഡയറക്ടേഴ്സ് മീറ്റിൽ പങ്കെടുത്തു. |
| 28/06/2024 | 2:30 pm | ബിഷപ്സ് ഹൗസിൽ വച്ച് നടന്ന ബഹു. അസി. വികാരിമാരുടെ സമ്മേളനത്തിൽ പങ്കെടുത്തു. |
| | | ജൂലൈ 2024 |
| 01/07/2024 | 8:30 am | അപകടത്തിൽ മരിച്ച മേരിലാന്റ് സെന്റ് മേരീസ് ഇടവകാംഗമായ കോയിക്കകുടി റെന്നി ജോസഫിന്റെ വീട്ടിലെത്തി ഒപ്പീസുചൊല്ലി അനുശോചനം അറിയിച്ചു. |
| 01/07/2024 | 10:30 am | മുരിക്കാശ്ശേരി പാവനാത്മാ കോളേജിന്റെ പ്രവർത്തനവർഷ ഉദ്ഘാടനത്തിന്റെ ഭാഗമായി വിശുദ്ധ കുർബാനയർപ്പിക്കുകയും തുടർന്ന് നടന്ന സമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു. |

| | | |
|---|---|---|
| 01/07/2024 | 12:30 pm | മുരിക്കാശ്ശേരി സെന്റ് മേരിസ് ഹയർസെക്കൻഡറി സ്കൂളിൽ വച്ചു നടന്ന കെ.സി.എസ്.എൽ പ്രവർത്തന വർഷാരംഭവും ആനിമേറ്റേഴ്സ് മീറ്റും ഉദ്ഘാടനം ചെയ്ത് പ്രസംഗിച്ചു. |
| 01/07/2024 | 3:30 pm | ഇരട്ടയാർ സെന്റ് തോമസ് ഫൊറോന ഇടവകാംഗമായ മാത്തൂർ എം.വി. വർക്കിയുടെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| 02/07/2024 | 9:00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 02/07/2024 | 4:00 pm | നാങ്കുതൊട്ടി സെന്റ് ജോർജ്ജ് ഇടവകാംഗമായ ചവറനാൽ വർക്കിയുടെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| 03/07/2024 | 8:00 am | കുരിശുപാറ ഹോളിക്രോസ് ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| 04/07/2024 | 2:30 pm | ബിഷപ്സ് ഹൗസിൽ വച്ച് നടന്ന Counsultors Meeting ൽ പങ്കെടുത്തു. |
| 04/07/2024 | 4:30 pm | ബിഷപ്സ് ഹൗസിൽ വച്ച് നടന്ന ഫൊറോന വികാരിമാരുടെ മീറ്റിംഗിൽ പങ്കെടുത്തു. |
| 05/07/2024 | 2:00 pm | തിരുവനന്തപുരം പട്ടം കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടന്ന സീറോമലങ്കര സഭാ സ്ഥാപകൻ ധന്യൻ മാർ ഈവാനിയോസ് തിരുമേനിയുടെ 71-ാമത് ഓർമ്മയാചരണത്തിൽ വി. കുർബാനയർപ്പിച്ചു. |
| 07/07/2024 | 6:30 am | കാൽവരിമൗണ്ട് സെന്റ് ജോർജ്ജ് ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| 07/07/2024 | 8:00 pm | അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ ആരംഭിച്ച വൈദികരുടെ ആദ്യ ബാച്ചിന്റെ വാർഷികധ്യാനത്തിൽ വൈദികരെ സന്ദർശിച്ചു. |

| | | |
|---|---|---|
| 08/07/2024 | 9:00 am | വൈദികരുടെ വാർഷിക ധ്യാനത്തിൽ സന്ദർശനം നടത്തി. |
| 10/07/2024 | 2:30 pm | രാജകുമാരി ഇടവകാംഗമായ ഒറ്റപ്ലാക്കൽ മാത്യുവിന്റെ നിര്യാണത്തിൽ ഭവനത്തിലെത്തി ഒപ്പീസുചൊല്ലി അനുശോചനം അറിയിച്ചു. |
| 11/07/2024 | 9:00 am | വൈദികരുടെ വാർഷിക ധ്യാനത്തിൽ സന്ദർശനം നടത്തി. |
| 12/07/2024 | 6:30 am | അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന വൈദികരുടെ വാർഷിക ധ്യാനത്തിന്റെ ആദ്യ ബാച്ചിന്റെ സമാപനത്തിൽ വിശുദ്ധ കുർബാനയർപ്പിക്കുകയും മരിച്ചുപോയ വൈദികർക്കുവേണ്ടി ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. |
| 14/07/2024 | 6:30 am | പൊട്ടൻകാട് സെന്റ് സെബാസ്റ്റ്യൻ ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| 15/07/2024 | 9:00 am | വൈദികരുടെ വാർഷിക ധ്യാനത്തിൽ സന്ദർശനം നടത്തി. |
| 18/07/2024 | 10:30 am | മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ കമ്മീഷൻ വിസിറ്റ് നടത്തി. |
| 18/07/2024 | 9:00 pm | ഇടുക്കി MP ഡീൻ കുര്യാക്കോസിന്റെ മാതാവ് റോസമ്മ കുര്യാക്കോസിന്റെ നിര്യാണത്തിൽ ഭവനത്തിലെത്തി ഒപ്പീസുചൊല്ലി അനുശോചനം രേഖപ്പെടുത്തി. |
| 19/07/2024 | 6:30 am | അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന വൈദികരുടെ വാർഷിക ധ്യാനത്തിന്റെ രണ്ടാമത്തെ ബാച്ചിന്റെ സമാപനത്തിൽ വിശുദ്ധ കുർബാനയർപ്പിക്കുകയും മരിച്ചുപോയ വൈദികർക്കുവേണ്ടി ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. |

| | | |
|---|---|---|
| 19072024 | 4:00 pm | പൊൻമുടി സെന്റ്മേരിസ് ഇടവകാംഗമായ തോമസ് കുഴിക്കാട്ടിന്റെ നിര്യാണത്തിൽ ഭവനത്തിലെത്തി ഒപ്പീസുചൊല്ലി അനുശോചനം അറിയിച്ചു. |
| 20072024 | 10:30 am | കാഞ്ഞിരപ്പള്ളി രൂപത ഇടമൺ സെന്റ് മേരീസ് ഇടവക കളരിക്കൽ നിഖിലിന്റെയും ചങ്ങനാശ്ശേരി അതിരൂപത കുരോപ്പട ഹോളിക്രോസ് ഇടവക തകടിയേൽ നിക്കോളിന്റെയും വിവാഹം ആശീർവദിച്ചു. |
| 21072024 | 4:00 pm | പാലാ മുത്തോലി സെന്റ് ജോർജ്ജ് ഇടവകയിൽവച്ച് തകടിയേൽ പയസ്സിന്റെയും ജോസ്മിയുടെയും മക്കളായ ജൊവാന്റെയും, ജോയലിന്റെയും ആഘോഷമായ ദിവ്യകാരുണ്യസ്വീകരണം നടത്തി. |

# BISHOP'S ENGAGEMENTS

**ഓഗസ്റ്റ് 2024**

| | |
|---|---|
| 03 | ഇടവക സന്ദർശനം - താന്നിക്കണ്ടം |
| 05-09 | KCBC |
| 10 | CMC കാൽവരിമൗണ്ട് |
| 10 | വി. കുർബാന FCC കരിമ്പൻ |
| 10 | AKCC വാർഷികം - വാഴത്തോപ്പ് |
| 11 | ഇടവക സന്ദർശനം - ചെല്യാംപാറ |
| 15 | ഇടവക സന്ദർശനം - മഞ്ഞപ്പാറ |
| 18 | ഇടവക സന്ദർശനം - മഞ്ഞപ്പെട്ടി |
| 19-31 | സിനഡ് |

**അറിയിപ്പ്**

**സംഭാവനശേഖരണം**

ജസ്റ്റിസ് സൺഡേയോടനുബന്ധിച്ച് ഓഗസ്റ്റ് 18 ഞായറാഴ്ച അക്കാര്യം പള്ളിയിൽ അറിയിച്ച് വിശുദ്ധ കുർബാന മധ്യേ പിരിവ് നടത്തി ഇടവക കണക്കിൽചേർക്കേണ്ടതാണ്.

## C. 52/24 Appointments

Fr. Mathew Azhakanakunnel - Director, Naomi Widow's Apostolate and Madonna Singles Apostolate

*Bishop*

## C. 53/24 Monthly Recollection for Priests

ഓഗസ്റ്റ് മാസത്തെ പഠനവിഷയം – YOUCAT 20 മുതൽ 24 വരെയുള്ള നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചുകൂടി വായിച്ച് ചർച്ച ചെയ്യുന്നു.

*Protosyncellus*

## C. 54/24 രൂപതാ കാര്യാലയത്തിന്റെ നിർമ്മാണ വിജയത്തിനായുള്ള പ്രാർത്ഥന

നമ്മുടെ രൂപതാ കാര്യാലയത്തിന്റെ നിർമ്മാണം പുരോഗമിക്കുകയാണല്ലോ. പണികൾ യഥാസമയം പൂർത്തീകരിക്കാൻ നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം. താഴെ കൊടുത്തിരിക്കുന്ന പ്രാർത്ഥന നമ്മുടെ രൂപതയിലെ ദൈവാലയങ്ങളിലും സന്യാസഭവനങ്ങളിലും വിശുദ്ധ കുർബാന, യാമപ്രാർത്ഥന എന്നിവയിലെ കാറോസൂസയുടെ അവസാന പാദമായി ചൊല്ലേണ്ടതാണ്.

കർത്താവായ ദൈവമേ, അവിടുന്ന് ഞങ്ങളുടെ രൂപതയിൽ അനുദിനം വർഷിച്ചുകൊണ്ടിരിക്കുന്ന എല്ലാ അനുഗ്രഹങ്ങൾക്കും ഞങ്ങൾ നന്ദി പറയുന്നു. ഞങ്ങളുടെ രൂപതാകാര്യാലയത്തിന്റെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളെയും അങ്ങയുടെ അനുഗ്രഹാശീർവാദത്തിനായി സമർപ്പിക്കുന്നു. ഇതിന് നേതൃത്വം കൊടുക്കുന്നവരേയും, ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരേയും, ഈ സംരഭത്തിനു പിന്തുണ നൽകുന്നവരേയും അങ്ങയുടെ സംരക്ഷണം നൽകി അനുഗ്രഹിക്കണമേയെന്നും, അവിടുത്തെ തിരുഹിതമനുസരിച്ച് ഇതിന്റെ പണികൾ യഥാസമയം പൂർത്തിയാക്കാൻവേണ്ട അനുഗ്രഹം നൽകണമേയെന്നും അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു.

Protosyncellus

## C. 55/24 നാലാമത് മരിയൻ തീർത്ഥാടനം

**സെപ്റ്റംബർ 07 ശനിയാഴ്ച**

ഇടുക്കി രൂപതയുടെ മരിയൻ തീർത്ഥാടന കേന്ദ്രമായ രാജകുമാരി ദൈവമാതാ പള്ളിയിലെ എട്ടു നോമ്പ് തിരുനാളിനോടനുബന്ധിച്ച് 2024 സെപ്റ്റംബർ 07-ാം തീയതി ശനിയാഴ്ച നാലാമത് മരിയൻ തീർത്ഥാടനം നടത്തപ്പെടുന്നു. രാവിലെ 10 മണിക്ക് രാജാക്കാട് ക്രിസ്തുരാജ് പള്ളിയിൽ നിന്ന് ആരംഭിച്ച് രാജകുമാരി മരിയൻ തീർത്ഥാടന കേന്ദ്രത്തിലേക്ക് നടത്തുന്ന തീർത്ഥാടനത്തിന് നേതൃത്വം നൽകുന്നത് ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവാണ്. അന്നേദിവസം ഉച്ചയ്ക്ക് ഒരു മണിക്ക് സീറോ മലബാർ സഭ കൂരിയാ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവ് വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകുന്നതാണ്. ഈ തീർത്ഥാടനത്തിൽ പങ്കുചേർന്ന് ദൈവാനുഗ്രഹം പ്രാപിക്കുവാൻ എല്ലാവരേയും സ്വാഗതം ചെയ്യുന്നു. ഭക്തിനിർഭരമായ വിധത്തിൽ ഈ തീർത്ഥാടനത്തിൽ പങ്കെടുക്കുവാൻ എല്ലാ ഇടവകകളും ഭക്ത സംഘടനകളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

Protosyncellus

## C. 56/24 വൈദികരുടെ പ്രാർത്ഥനാദിനം

രൂപതയുടെ ആത്മീയ വളർച്ചയ്ക്കും വൈദികരുടെ വിശുദ്ധീകരണത്തിനുമായി ഫെബ്രുവരി 13 മുതൽ ആരംഭിച്ച നമ്മുടെ രൂപതയിലെ വൈദികരുടെ പ്രാർത്ഥനാദിനം തുടരുകയാണ്. ഇതുവരെ ഈ പ്രാർത്ഥനായജ്ഞത്തിൽ പങ്കാളികളായ എല്ലാ വൈദികരെയും നന്ദിയോടെ ഓർക്കുന്നു. **ഓഗസ്റ്റ്, സെപ്റ്റംബർ** മാസങ്ങളിൽ പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു. രാജകുമാരി തീർത്ഥാടന കേന്ദ്രത്തിലെ നിത്യാരാധന ചാപ്പലാണ് പ്രാർത്ഥനയ്ക്കായി നിശ്ചയിച്ചിരിക്കുന്ന സ്ഥലം. രാവിലെ 10 മുതൽ വൈകിട്ട് 6 വരെയാണ് പ്രാർത്ഥനയുടെ സമയം.

| Date | Day | NAMES |
|---|---|---|
| 01/08/24 | Thursday | Fr. Parakadavil James |
| 02/08/24 | Friday | Fr. Pattathekuzhy George |
| 05/08/24 | Monday | Fr. Pazhookudiyil Mathew |
| 06/08/24 | Tuesday | Fr. Perumalil George |
| 07/08/24 | Wednesday | Fr. Perunnattu Philip |
| 08/08/24 | Thursday | Fr. Plathottathil Sebastian |
| 09/08/24 | Friday | Fr. Ponnambel James |
| 12/08/24 | Monday | Fr. Powathu Joseph |
| 13/08/24 | Tuesday | Fr. Puliyankal Mathew |
| 14/08/24 | Wednesday | Fr. Punnolil John |
| 16/08/24 | Friday | Fr. Purayattu Abraham |
| 19/08/24 | Monday | Fr. Puthenpurayil Thomas |
| 20/08/24 | Tuesday | Fr. Porimattathil Joseph |
| 21/08/24 | Wednesday | Fr. Puthiyaparambil Jose |
| 22/08/24 | Thursday | Fr. Puthoor Thomas |
| 23/08/24 | Friday | Fr. Puthuparambil Mathew |
| 26/08/24 | Monday | Fr. Puthiyaparambil Zacharias |
| 27/08/24 | Tuesday | Fr. Sauriamkuzhy James |
| 28/08/24 | Wednesday | Fr.Thumpayilputhenpurayil Cherian |

| | | |
|---|---|---|
| 29/08/24 | Thursday | Fr. Thachaparambathu Luke |
| 30/08/24 | Friday | Fr. Thanolil Joseph |
| 09/09/24 | Monday | Fr. Thelliyankal James |
| 10/09/24 | Tuesday | Fr. Thenammackal Joseph |
| 11/09/24 | Wednesday | Fr. Thengumthottathil Joseph |
| 12/09/24 | Thursday | Fr. Thoompumkal Thomas |
| 13/09/24 | Friday | Fr. Thottiyil Joseph |
| 18/09/24 | Wednesday | Fr. Parakadavil Joseph (Sr.) |
| 19/09/24 | Thursday | Fr. Podiparackal Kurian |
| 20/09/24 | Friday | Fr. Poovathinkal Joseph |
| 23/09/24 | Monday | Fr. Thumpanirappel George |
| 24/09/24 | Tuesday | Fr. Thycheril Thomas |
| 25/09/24 | Wednesday | Fr. Udayamparayil Joseph |
| 26/09/24 | Thursday | Fr. Ummikkunnel Joseph |
| 27/09/24 | Friday | Fr. Urumbil Scaria |

Protosyncellus

**C. 57/24 തിരുനാൾ മംഗളങ്ങൾ**

റവ. ഫാ. ഡോമിനിക് കോയിക്കൽ ഓഗസ്റ്റ് 8
റവ. ഫാ. ഡോമിനിക് കാരിവേലിൽ ”
റവ. ഫാ. അഗസ്റ്റിൻ കുത്തനാപ്പള്ളിൽ ഓഗസ്റ്റ് 28

*Bishop*

**C. 58/24**

# Eparchial Curia
## Diocese of Idukki

LOVE IN DEED AND TRUTH

Ord. No. 1024/2024 — 24/07/2024

### ഇടുക്കി രൂപത പാസ്റ്ററൽ കൗൺസിൽ തെരഞ്ഞെടുപ്പ്

### വിജ്ഞാപനം

ഇടുക്കി രൂപതയുടെ ആറാമത് പാസ്റ്ററൽ കൗൺസിലിന്റെ കാലാവധി പൂർത്തിയായതിനാൽ പുതിയ തെരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം ഇതിനാൽ പുറപ്പെടുവിക്കുന്നു. പെരിയ ബഹുമാനപ്പെട്ട ജോസ് കരിവേലിക്കലച്ചൻ കൺവീനറും ബഹുമാന്യരായ ജോസ് പ്ലാച്ചിക്കലച്ചൻ, അബ്രാഹം പുറയാറ്റച്ചൻ, ജോസ് മാറാട്ടിലച്ചൻ, മാർട്ടിൻ പൊൻപനാലച്ചൻ, ശ്രീ ഷാജി വൈക്കത്തുപറമ്പിൽ എന്നിവർ അംഗങ്ങളുമായുള്ള കമ്മീഷനെയും ഇതിനാൽ നിയമിക്കുന്നു. പാസ്റ്ററൽ കൗൺസിലിന്റെ ഭരണഘടനയും, സർക്കുലർ C.L. 03/2024 -ലെ നിർദ്ദേശങ്ങളും, രൂപതക്കച്ചേരിയിൽ നിന്നും നല്കുന്ന മറ്റ് നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് തെരഞ്ഞെടുപ്പ് നടത്തി, 2024 സെപ്തംബർ 30-നകം ലിസ്റ്റ് രൂപതാക്കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്. പ്രോട്ടോപ്രസ്ബിറ്ററൽ (ഫൊറോനാ) കൗൺസിൽ തെരഞ്ഞെടുപ്പും നിയമപ്രകാരം ഇതോടൊപ്പം നടത്തേണ്ടതാണ്.

ഇടുക്കി രൂപതക്കച്ചേരിയിൽ നിന്നും 2024 ജൂലൈ 24-ാം തീയതി നൽകിയത്.

EPARCHIAL CURIA IDUKKI

മാർ ജോൺ നെല്ലിക്കുന്നേൽ
ഇടുക്കി രൂപതാദ്ധ്യക്ഷൻ

ഫാ. മാർട്ടിൻ പൊൻപനാൽ
ചാൻസലർ

Bishop's House, Manippara P.O. Idukki, Kerala - 685 602 | curiaidukki@gmail.com | +91 9061230151

# മൈനർ സെമിനാരി

## MS. 19/24 ദുക്റാന തിരുനാൾ

ജൂലൈ 3-ാം തീയതി ബഹു. ജെയിംസ് വട്ടക്കുന്നേലച്ചന്റെ കാർമ്മികത്വത്തിൽ റാസ കുർബാന അർപ്പിക്കുകയും, രൂപതാ മുഖ്യ വികാരി ജനറാളായ പെരി. ബഹു. ജോസ് കരിവേലിക്കലച്ചൻ മുഖ്യാതിഥിയായി പങ്കെടുത്ത മീറ്റിംഗും നടത്തപ്പെട്ടു. തുടർന്ന് ബ്രദേഴ്സ് വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

## MS. 20/24 വാർഷികധ്യാനം

ജൂലൈ 8 മുതൽ 12 വരെയുള്ള ദിവസങ്ങളിൽ ബഹു. ദീപക് MCBS വാർഷികധ്യാനം നയിച്ചു.

## MS. 21/24 മിഷൻ അനുഭവം

ജൂലൈ 21-ാം തീയതി രാജസ്ഥാനിലെ ബൻസ്വാര ജില്ലയിലെ ഗോയിക്ക ബാരിയ ഹോളി സ്പിരിറ്റ് കോൺവെന്റിലെ മദർ സുപ്പീരിയർ ബഹു. Sr. Nirupama Bilung SSpS പ്രേഷിതാനുഭവങ്ങൾ പങ്കുവച്ചു.

## MS. 22/24 ശുചിത്വ സെമിനാർ

മുരിക്കാശ്ശേരി അൽഫോൻസാ ആശുപത്രിയിൽ സേവനം ചെയ്യുന്ന ബഹു. ഡോ. മാത്യു വ്യക്തി ശുചിത്വത്തെക്കുറിച്ച് സെമിനാർ നടത്തി.

## MS. 23/24 സെമിനാരിക്ക് സംഭാവന നല്കിയവർ

അജി ചെല്ലങ്കോട്ട് - 10000

അന്നമ്മ ജോസഫ് (ആൻസി) - 15000

# സന്ന്യസ്തർ

## 1. തിരുഹൃദയ സന്ന്യാസിനീ സമൂഹം (SH)

❖ നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഡൊമസ്റ്റിക് വർക്കേഴ്സ് ഡേ യോടനുബന്ധിച്ച് നവജ്യോതി പ്രോവിൻസിലെ വിവിധ മഠങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന ആശ്രമ ശുശ്രൂഷികളുടെ സംഗമവും അവർക്ക് വേണ്ടിയുള്ള കരുതൽ പദ്ധതിയുടെ ഉദ്ഘാടനവും രാജമുടി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ടു.

❖ നവജ്യോതി എജ്യൂക്കേഷൻ സ്പോൺസർഷിപ്പ് പ്രോഗ്രാമിന്റെ പുതിയ യൂണിറ്റുകൾ വെൺമണി, രാജമുടി, മൈലാടുംപാറ, ചെമ്മണ്ണാർ എന്നിവിടങ്ങളിൽ ആരംഭിച്ചു.

❖ ജൂൺ 14,15,16 തീയതികളിൽ ഇടുക്കി എസ്.എച്ച്. നവജ്യോതി പ്രോവിൻസിന്റെ 13-ാ മത് റിന്യൂവൽ അസംബ്ലി രാജമുടി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ടു.

❖ ജൂൺ 29-ാം തീയതി അടിമാലി ആത്മജ്യോതിയിൽ വച്ച് നടന്ന ഇടുക്കി രൂപതാ പാസ്റ്ററൽ കൗൺസിൽ മീറ്റിങ്ങിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ടെസ്‌ലിൻ ജോസഫ് കൂനംപാറയിൽ എസ്.എച്ച്. സംബന്ധിച്ചു.

❖ പാറത്തോട്, ഉപ്പുതോട് ഇടവകകളിലെ മാതൃവേദി അംഗങ്ങൾക്ക് ജൂൺ 15, 25 തീയതികളിലായി ചക്കയുടെ മൂല്യവർദ്ധിത ഉല്പ്പന്നങ്ങളെക്കുറിച്ച് സി. ജോംസി കാഞ്ഞിരത്താംത്തൊട്ടിയിൽ എസ്.എച്ച്. ക്ലാസ്സ് എടുത്തു.

❖ ജൂലൈ 22-ാം തീയതി കരിമ്പൻ ബിഷപ്സ് ഹൗസിൽ വച്ച് നടന്ന ഹോംമിഷന് നേതൃത്വം കൊടുക്കുന്ന സിസ്റ്റേഴ്സിന് വേണ്ടിയുള്ള മീറ്റിങ്ങിൽ സി. കൊച്ചുറാണി പന്നയ്ക്കൽ എസ്.എച്ച്, സി. എൽസീന ആലാനിക്കൽ എസ്.എച്ച് എന്നിവർ സംബന്ധിച്ചു.

❖ ജൂലൈ 14 മുതൽ 19 വരെ രാജമുടി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സിസ്റ്റേഴ്സിനായുള്ള വചനധ്യാനം നടത്തപ്പെട്ടു.

## സി. ആനി ഡോൺ ഓലിക്കുന്നേൽ എസ്. എച്ച്. (77)



സി. ആനി ഡോൺ ഓലിക്കുന്നേൽ എസ്.എച്ച്. 1947 മെയ് 11ന് ആരക്കുഴ ഇടവകയിൽ വർക്കി ഏലിക്കുട്ടി ദമ്പതികളുടെ നാലാമത്തെ മകളായി ജനിച്ചു. 1969 ജൂലൈ 16-ാം തീയതി സി. ആനി ഡോൺ മൈലക്കൊമ്പ് മഠത്തിൽ അർത്ഥിനിയായി പ്രവേശിച്ചു. 1971 മെയ് 2 ന് ഈശോയുടെ തിരുഹൃദയത്തിൽ ആത്മസമർപ്പണത്തിന്റെ ഒപ്പുവച്ചു. 1976 മെയ് 2ന് നിത്യവ്രതസമർപ്പണം നടത്തി.

മഞ്ഞപ്പാറ, പൂയംകുട്ടി, നാരകക്കാനം, മുരിക്കുംതൊട്ടി, രാജകുമാരി, നെടുംങ്കണ്ടം, വെൺമണി, തഴുവുംകുന്ന്, ആയവന, മൈലക്കൊമ്പ്, ചാലാശ്ശേരി, മുതലക്കോടം, നെടിയകാട് എന്നീ മഠങ്ങളിൽ സേവനം ചെയ്തു. രൂപതയുടെ സ്കൂളുകളിൽ 28 വർഷത്തോളം പ്രവർത്തിച്ച സിസ്റ്റർ തന്റെ റിട്ടയർമെന്റിനുശേഷം 5 വർഷത്തോളം നെടുങ്കണ്ടം സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂളിൽ ഹെഡ്മിസ്ട്രസായി സേവനം ചെയ്തു. ഇടുക്കി രൂപതയിലെ ഫാമിലി അപ്പോസ്റ്റലേറ്റ് വിഭാഗത്തിലും കാറ്റിക്കിസം റിസോഴ്സ് പേഴ്സണായും അമ്മ സേവനം ചെയ്തിട്ടുണ്ട്. മിഷൻലീഗ്, മതബോധനം, മാതൃദീപ്തി, കെ.സി.വൈ.എം. എന്നീ സംഘടനകളിൽ സി. ആനിഡോൺ സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. 15 വർഷം ലോഗോസ് ക്വിസിൽ പങ്കെടുക്കുകയും 15 വർഷവും വിജയിയാകുയും അതിൽ 5 വർഷം സംസ്ഥാന തലത്തിൽ ഗോൾഡ് മെഡൽ നേടുകയും ചെയ്തു.

2024 ജൂൺ 22-ാം തീയതി ശനിയാഴ്ച വൈകുന്നേരം 5.25 ന് സി. ആനി ഡോണിന്റെ ആത്മാവ് ദൈവസന്നിധിയിലേക്ക് പറന്നുയർന്നു.

## 2. അഗതികളുടെ സഹോദരിമാരുടെ സന്യാസിനി സമൂഹം (SD)

- ❖ പ്രൊവിൻഷ്യൽ മദർ കൊച്ചുറാണിയും കൗൺസിലേഴ്സും ഹൈറേഞ്ചിലെ മഠങ്ങളിൽ സന്ദർശനം നടത്തി.
- ❖ മിനി സിനാക്സിസ് നടത്താനായി പ്രൊവിൻഷ്യൽ കൗൺസിൽ ഹൈറേഞ്ചിലെ കോൺവെന്റുകളിൽ സന്ദർശനം നടത്തി.
- ❖ പണിക്കൻകുടി ക്വീൻമേരി പബ്ലിക് സ്കൂളിൽ മെറിറ്റ് ഡേയോട് അനുബന്ധിച്ച് പ്രൊവിൻഷ്യൽ മദർ കൊച്ചുറാണിയും എജ്യൂക്കേഷൻ കൗൺസിലർ സിസ്റ്റർ മരിയറ്റും സന്ദർശനം നടത്തി.
- ❖ ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ കരിമ്പനിൽ വച്ചു നടത്തിയ ഹോം മിഷൻ മീറ്റിങ്ങിൽ സി. ആൻസി ടോം, സി. സിൽവി മരിയ എന്നിവർപങ്കെടുത്തു.

## 3. ആരാധനാ സന്ന്യാസിനീ സമൂഹം (SABS)

- ❖ അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന ഇടുക്കി രൂപതാ പാസ്റ്ററൽ കൗൺസിൽ മീറ്റിങ്ങിൽ ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലിറ്റി ഉപ്പുമാക്കൽ പങ്കെടുത്തു.
- ❖ പന്നിയാറുകുട്ടി, വെള്ളത്തൂവൽ മഠങ്ങളിൽ വച്ച് നൈറ്റ് വിജിൽ നടത്തി ലോകം മുഴുവനും വേണ്ടിയും തിരുസഭയ്ക്ക് വേണ്ടിയും പ്രത്യേകിച്ച് നമ്മുടെ രൂപതയ്ക്ക് വേണ്ടിയും പ്രാർത്ഥിച്ചു
- ❖ ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലിറ്റി ഉപ്പുമാക്കൽ ഇടുക്കി രൂപതയിലെ വിവിധ ഇടവകകളിൽ മതപഠനം നടത്തുന്ന കുട്ടികളുടെ മാതാപിതാക്കൾക്ക് ക്ലാസ് എടുത്തു.
- ❖ സി. റ്റിംസി മ്ലാക്കുഴിയിൽ കാമാക്ഷി ഇടവകയിൽ തിരുബാല സഖ്യം സംഘടനയിലെ കുട്ടികൾക്കു വേണ്ടിയും തങ്കമണി ഇടവകയിൽ മാതൃവേദിയിലെ അമ്മമാർക്കായും ക്ലാസുകൾ നയിച്ചു.
- ❖ വെണ്മണിയിൽ സ്ഥിതിചെയ്യുന്ന മോറിയ ആശ്രമത്തിൽ വച്ച് നടന്ന ഏകദിന കൺവെൻഷനിൽ വികർ പ്രൊവിൻഷ്യൽ സി. അൽഫോൻസ കടമ്പനാട്ട്, സി. ലീമാ റോസ് വേലച്ചേരിൽ എന്നിവർ കൗൺസിലിംഗ് നൽകി സഹായിച്ചു.

❖ ജയ്മാതാ സോഷ്യൽ അപ്പോസ്റ്റലേറ്റിന്റെ ഭാഗമായി നിർദ്ധനരായ രോഗികൾക്ക് ചികിത്സാ സഹായം നൽകി.

❖ വികർ പ്രൊവിൻഷ്യൽ സി. അൽഫോൻസ കടമ്പനാട്ട്, സി. ലീമ റോസ് വേലച്ചേരിൽ എന്നിവർ ഇരട്ടയാർ ഇടവകയിൽ കുട്ടികൾക്കായി വിശുദ്ധ കുർബാനയെകുറിച്ചുള്ള ക്ലാസ് നയിച്ചു.

## 4 എഫ്.സി.സി സന്യാസിനി സമൂഹം (FCC)

❖ അടിമാലി ആത്മജ്യോതിയിൽ വച്ച് നടത്തിയ പാസ്റ്ററൽ കൗൺസിൽ മീറ്റിങ്ങിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സുഗുണ, പ്രൊവിൻഷ്യൽ കൗൺസിലർ സി. ഷാലറ്റ് എന്നിവർ പങ്കെടുത്തു.

❖ സ്നേഹഗിരി ഇടവകയിലെ സൺഡേ സ്കൂൾ കുട്ടികൾക്ക് 'കൗമാരത്തെ കാർന്നുതിന്നുന്ന ലഹരി' എന്ന വിഷയത്തെ അടിസ്ഥാനമാക്കി സി. ജൂലി ക്ലാസ് എടുത്തു.

❖ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടത്തിയ സഭാദിന ആഘോഷ പരിപാടികളിൽ പ്രൊവിൻഷ്യൽ കൗൺസിലേഴ്സ് സി. ബന്നോ, സി. ഷാലറ്റ് എന്നിവർ പങ്കെടുത്തു.

❖ പ്രവാസി സംഗമം നിർമ്മൽറാണി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി. 25 അന്യസംസ്ഥാന തൊഴിലാളികൾ ഈ മീറ്റിങ്ങിൽ പങ്കെടുത്തു.

❖ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടത്തിയ സീറോ മലബാർ കാത്തലിക് തിയോളജിക്കൽ സ്റ്റഡി ഫോറത്തിന്റെ മീറ്റിങ്ങിൽ പ്രൊവിൻഷ്യൽ കൗൺസിലർ സി. ബിൻസ് മരിയ പങ്കെടുത്തു.

❖ ഇൻസ്റ്റിറ്റ്യൂഷൻ ഇവാഞ്ചലൈസേഷന്റെ ഭാഗമായി വാഴവര അൽഫോൻസാ ഹോസ്റ്റലിൽ സി. ജൂലി, സി. സിജി ക്ലെയർ, സി. ഡയോണ, സി. അമലു മരിയ, സി. അലീനിയ റോസ് എന്നിവരുടെ നേതൃത്വത്തിൽ മൂന്നു ദിവസത്തെ ധ്യാനം നടത്തി.

❖ സിനഡൽ ജേർണി പ്രോഗ്രാം നിർമ്മൽ റാണി പ്രോവിൻസിലെ എല്ലാ ഭവനങ്ങളിലും നടത്തിവരുന്നു. അല്മായ പ്രതിനിധികളെ കൊളാബൊറേറ്റേഴ്സ് ആയി ക്ഷണിച്ച് FCC കമ്മ്യൂണിറ്റിയെ പറ്റിയുള്ള അവരുടെ അഭിപ്രായങ്ങൾആരാഞ്ഞു.

## 5 കർമ്മലമാതാവിന്റെ സന്യാസിനി സമൂഹം (സി.എം.സി)

❖ പരിശുദ്ധ കർമ്മല മാതാവിന്റെ തിരുനാൾ ദിനത്തിൽ അഭിവന്ദ്യ മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ പിതാവ് പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു.

❖ ക്രിസ്റ്റീൻ ടീമിന്റെ നേതൃത്വത്തിൽ ജൂൺ 25,26 തീയതികളിൽ ന്യൂമാൻ എൽ.പി.എസ് ഇടുക്കിയിലും ജൂലൈ 4,5 തീയതികളിൽ സെന്റ് സേവ്യേഴ്സ് എൽ.പി.എസ്. നെല്ലിപ്പാറയിലും ധ്യാനവും Value Education class ഉം കൗൺസിലിംഗും നടന്നു.

❖ ജൂലൈ 15,16, 17 തീയതികളിലായി ബാംഗ്ലൂർ വച്ച് നടന്ന 13-ാ മത് സബ്ജൂനിയർ ആൻഡ് ജൂനിയർ നാഷണൽ പാരാ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ കേരളത്തെ പ്രതിനിധീകരിച്ച് അടിമാലി, മച്ചിപ്ലാവ് കാർമ്മൽ ജ്യോതി സ്പെഷ്യൽ സ്കൂളിലെ 8 കുട്ടികൾ പങ്കെടുത്ത് മെഡലുകൾ കരസ്ഥമാക്കി. കേരളത്തിന് ആകെ ലഭിച്ച 11 മെഡലുകളിൽ 10 മെഡലുകളും കാർമ്മൽ ജ്യോതിയിലെ കുട്ടികൾ തന്നെയാണ് നേടിയത്.

❖ സമന്വയ ചാരിറ്റബിൾ സൊസൈറ്റിയുടെ 24-ാം വാർഷിക ആഘോഷവും സിൽവർ ജൂബിലി ഉദ്ഘാടനവും സെന്റ് തോമസ് പാരീഷ് ഹോളിൽ നടന്നു. സമന്വയയുടെ കീഴിൽ പ്രവർത്തിക്കുന്ന സി.എം.സി. സ്വയം സഹായ സംഘങ്ങളിലെ 650 അംഗങ്ങൾ പങ്കെടുത്തു.

❖ ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി നെടുങ്കണ്ടം കല്ലാർ ഗവൺമെൻറ് ഹൈസ്കൂളിൽ ബോധവൽക്കരണ ക്ലാസ് സിസ്റ്റർ ക്ലാരിസ് എടുക്കുകയുണ്ടായി.

❖ ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് ഹൈസ്കൂൾ കുട്ടികൾക്കായി സീയോൻ ചാരിറ്റബിൾ സൊസൈറ്റിയും നെടുങ്കണ്ടം ജില്ലാ പോലീസിന്റെ ഫാമിലി കൗൺസിലിംഗ് സെൻററും സംയുക്തമായി കവിത രചന മത്സരം നടത്തി.

❖ മാങ്കടവ്, കൂമ്പൻപാറ ഇടവകകളിലെ 6 മുതൽ 12 വരെ ക്ലാസ്സിലെ കുട്ടികൾക്കും CML അടിമാലി മേഖലയിലെ കുട്ടികൾക്കും 'ലഹരിക്കെതിരെ കൗമാരം' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സും കല്ലാർ,

കനകക്കുന്ന് ഇടവകകളിലെ വേദപാഠ PTA അംഗങ്ങൾക്ക് സെമിനാറും സി. സീജാ മരിയയുടെ നേതൃത്വത്തിൽ നടന്നു.

**6. നസ്രത്ത് സന്ന്യാസിനീ സമൂഹം (CSN)**

- ❖ ജൂലൈ ഒന്നാം തീയതി നാഷണൽ ഡോക്ടേഴ്സ് ഡേ അടിമാലി മോണിംഗ് സ്റ്റാർ ആശുപത്രിയിൽ സമുചിതമായി ആഘോഷിച്ചു.
- ❖ ജൂലൈ മൂന്നാം തീയതി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന സഭാദിന ആഘോഷങ്ങളിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- ❖ നമ്മുടെ നാട്ടിൽ നിന്നും വിദേശരാജ്യങ്ങളിൽ MBBS പഠിക്കുന്ന ആറ് കുട്ടികൾ അവരുടെ ഒരു മാസത്തെ ഇന്റേൺഷിപ്പ് അടിമാലി മോണിംഗ് സ്റ്റാർ ആശുപത്രിയിൽ വിജയകരമായി പൂർത്തിയാക്കി തിരികെ പോയി.
- ❖ മോട്ടോർ വാഹനവകുപ്പും വിശ്വദീപ്തി പബ്ലിക് സ്കൂളും ചേർന്ന് 'റീൽസ് അല്ല ജീവിതം' എന്ന സന്ദേശം പൊതുജനങ്ങൾക്ക് നൽകുന്നതിനായി നടത്തിയ മിനി മാരത്തോണിന് ആംബുലൻസും മെഡിക്കൽ സർവീസും നൽകി സഹകരിച്ചു.
- ❖ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് മോണിംഗ് സ്റ്റാർ ആശുപത്രി സന്ദർശിച്ച് അവിടെ രോഗികളായി കഴിഞ്ഞ ബഹുമാനപ്പെട്ട വൈദികരെയും മറ്റു രോഗികളെയും കണ്ടു പ്രാർത്ഥിച്ചു. ആശുപത്രിയിൽ ജോലി ചെയ്യുന്ന സിസ്റ്റേഴ്സിനോടൊപ്പവും കുറച്ചു സമയം ചിലവഴിച്ചു.
- ❖ ഒരിക്കലും വിമാനയാത്ര നടത്തിയിട്ടില്ലാത്ത സിസ്റ്റർമാർക്ക് വേണ്ടി പ്രൊവിൻഷ്യൽ ഹൗസിൽ നിന്നും അറേഞ്ച് ചെയ്ത നെടുമ്പാശ്ശേരി - ബാംഗ്ലൂർ യാത്രയിൽ രണ്ട് ബാച്ച് ആയി എല്ലാ സിസ്റ്റേഴ്സും പങ്കെടുത്തു.
- ❖ അദീലാബാദ് രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ പ്രിൻസ് പാണേങ്ങാടൻ പിതാവ് അടിമാലി മോണിംഗ് സ്റ്റാർ ആശുപത്രിയിൽ സന്ദർശനംനടത്തി .

## CJ.29/24 വൈദിക ദിനം

2024 ഓഗസ്റ്റ് നാലാം തീയതി ഞായറാഴ്ച വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ സാർവത്രിക സഭ മുഴുവനും സമുചിതമായി ആഘോഷിക്കുന്നു. അന്നേ ദിവസം ബഹുമാനപ്പെട്ട വികാരി അച്ചന്മാരെയും അസി. വികാരയച്ചന്മാരെയും നമ്മുടെ ജീവിതവുമായി ബന്ധപ്പെട്ട എല്ലാ വൈദികരെയും ആദരിക്കുകയും ആശംസകൾ അർപ്പിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

## CJ. 30/24 പതിനഞ്ച് നോമ്പ്

പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗരോപണ തിരുനാളിനോടനുബന്ധിച്ച് ആചരിക്കുന്ന പതിനഞ്ച് ദിവസത്തെ നോമ്പനുഷ്ഠാനം ഓഗസ്റ്റ് ഒന്നാം തീയതി മുതൽ ആരംഭിക്കുന്നു. എല്ലാവരും നോമ്പനുഷ്ഠിച്ച് പരിശുദ്ധ ദൈവമാതാവിന്റെ മാധ്യസ്ഥം തേടി പ്രാർത്ഥിക്കുവാൻ ശ്രദ്ധിക്കണം.

## CJ. 31/24 പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും ഇന്ത്യൻ സ്വാതന്ത്ര്യദിനാഘോഷവും

2024 ഓഗസ്റ്റ് 15-ാം തീയതി വ്യാഴാഴ്ച സാർവത്രിക സഭ പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ഭകതിപൂർവ്വം ആഘോഷിക്കുന്നു. പരിശുദ്ധ അമ്മയിലൂടെ എല്ലാവർക്കും ദൈവാനുഗ്രഹങ്ങൾ ലഭിക്കാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ഏവർക്കും തിരുനാൾ മംഗളങ്ങൾ നേരുകയും ചെയ്യുന്നു. നമ്മുടെ രാജ്യം ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്നും സാതന്ത്ര്യം നേടിയതിന്റെ മംഗളങ്ങൾ ഏവർക്കും ആശംസിക്കുകയും ചെയ്യുന്നു.

## CJ. 32/24 ലോഗോസ് ക്വിസ് രജിസ്ട്രേഷൻ

2024 സെപ്തംബർ 29-ാം തീയതി നടത്തപ്പെടുന്ന അഖില കേരള ലോഗോസ് ക്വിസ് 2024 ന്റെ രജിസ്ട്രേഷൻ നടത്താത്ത ഇട

വകകൾ ആഗസ്റ്റ് 10-ാം തീയതിക്ക് മുൻപായി രജിസ്ട്രേഷൻ നടത്തണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

## പാവനാത്മാ കോളേജ്, മുരിക്കാശ്ശേരി

### PCM. 39/24 വിജ്ഞാനോത്സവം

നാല് വർഷ ബിരുദ പ്രോഗ്രാമിന് നവാഗതരെ സ്വാഗതം ചെയ്ത് 'വിജ്ഞാനോത്സവ' ത്തിനു തുടക്കം കുറിച്ചു. ഇടുക്കി രൂപത ബിഷപ്പ് മാർ ജോൺ നെല്ലിക്കുന്നേൽ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ വിവിധ റാങ്ക് ജേതാക്കളെ ആദരിച്ചു.

### PCM. 40/24 ബഷീർ അനുസ്മരണം

മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യ സമരപ്പോരാളിയുമായിരുന്ന വൈക്കം മുഹമ്മദ് ബഷീറിന്റെ ചരമദിനത്തോട് അനുബന്ധിച്ച് മലയാളം ഡിപ്പാർട്മെന്റിന്റെ ആഭിമുഖ്യത്തിൽ ബഷീർ അനുസ്മരണം നടത്തി. അനുസ്മരണത്തോടനുബന്ധിച്ച് ക്രിസ്തുജ്യോതി എൽ.പി. സ്കൂളിലെ കുട്ടികൾ പാവനാത്മ കോളേജ് ലൈബ്രറി സന്ദർശിച്ചു.

### PCM. 41/24 ബിരുദാനന്തര ബിരുദ ക്ളാസ് ഉദ്ഘാടനം

ഒന്നാം വർഷ പി.ജി. പ്രോഗ്രാമിന്റെ ഉദ്ഘാടനം സെമിനാർ ഹാളിൽ വെച്ച് നടന്നു. കോളേജ് പ്രിൻസിപ്പൽ ഡോ. ബെന്നോ പുതിയാപറമ്പിൽ ഉദ്ഘാടനം നിർവഹിച്ചു. കോളേജ് ബർസാർ ഡോ. ജായസ് മറ്റം അധ്യക്ഷനായ ചടങ്ങിൽ വൈസ് പ്രിൻസിപ്പൽ സജി കെ. ജോസ് സ്വാഗതം ആശംസിച്ചു. ഹിസ്റ്ററി വിഭാഗം മേധാവി ഡോ. ജോബി ജോൺ, കോമേഴ്സ് വിഭാഗം മേധാവി ഡോ. ബി. സിന്ധു, അധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു.

### PCM. 42/24 Talk with the Neighbour

ചരിത്ര വിഭാഗത്തിന്റെ നേതൃത്വത്തിൽ "Amazon wonders" സെമിനാർ ഹാളിൽ വെച്ച് ജൂലൈ 12ന് രാവിലെ 10.30ന് നടന്നു. 35 വർഷമായി ആമസോൺ കാടുകളിൽ പ്രവർത്തിക്കുകയും, അതിന്റെ നാശത്തിനും ചൂഷണത്തിനും എതിരെ പോരാടുകയും ചെയ്യുന്ന

'ആമസോൺ ഗാന്ധി' എന്നറിയപ്പെടുന്ന മാങ്കുളം നിവാസിയായ ഡോ. ഷാജി തോമസ് പ്രോഗ്രാം ഉദ്ഘാടനം ചെയ്യുകയും തുടർന്ന് ക്ലാസുകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

## PCM. 43/24 ആരംഭം 2024

NSS ന്റെ ആഭിമുഖ്യത്തിൽ രണ്ടാം വർഷ ഡിഗ്രി വിദ്യാർത്ഥികൾക്കായി ഏകദിന ക്യാമ്പ് 'ആരംഭം 2024' നടത്തി. മുരിക്കാശ്ശേരി പാവനത്മാ കോളേജ്, സെന്റ് മേരീസ് എൽ.പി. സ്കൂൾ പടമുഖം എൽ.പി. സ്കൂൾ, ബസ് സ്റ്റാൻഡ് എന്നിവയുടെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും, സ്കൂൾ, കോളേജ് പരിസരത്ത് പച്ചക്കറി തൈകൾ നടുകയും ചെയ്തു.

## PCM. 44/24 ജാഗ്രത

NSS യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 15-ാം തീയതി മുരിക്കാശ്ശേരി പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ വെച്ച് ജാഗ്രത എന്ന പേരിൽ ഫ്ളാഷ് മോബ് നടത്തി. ഡെങ്കിപനിക്കെതിരെ ജാഗ്രത പുലർത്തണം എന്നതായിരുന്നുവിഷയം.

# മാർ സ്ലീവാ കോളേജ്, രാജമുടി

## MSC 32/24 നവാഗതർക്ക് സ്വാഗതം

2024-25 അധ്യയന വർഷത്തിലെ ബിരുദ നാലുവർഷം ഓണേഴ്സ് പ്രോഗ്രാമിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ 'വിജ്ഞാനോത്സവം -2024' കോളേജ് ബർസാർ ഫാ. ജെയിംസ് പാലയ്ക്കമെറ്റത്തിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മുരിക്കാശ്ശേരി സെന്റ് മേരിസ് ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകനും മങ്കൂവ ഇടവക വികാരിയുമായ ഫാ. ടിനു പാറക്കടവിൽ ഉദ്ഘാടനം ചെയ്തു. നവാഗതർക്കായുള്ള ഓറിയന്റേഷൻ ക്ലാസിന് ശ്രീ. ബാബു പൊന്നോത്ത് നേതൃത്വം നൽകി.

## MSC 32/24 ക്യാപ്ഷൻ റൈറ്റിങ് മത്സരം

സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ചു ക്യാപ്ഷൻ റൈറ്റിങ് മത്സരം സംഘടിപ്പിച്ചു. സോഷ്യൽ വർക്ക് വിഭാഗം അധ്യാപകൻ ഫാ. ലിബിൻ മനക്കലേട്ട്

മത്സരത്തിന് നേതൃത്വം നൽകി. കോളേജിലെ വിവിധ ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുക്കുകയും വിജയികളായ വിദ്യാർത്ഥികൾക്ക് ക്യാഷ് പ്രൈസ് നൽകുകയും ചെയ്തു.

## MSC 33/24 അന്താരാഷ്ട്ര യോഗാ ദിനം ജൂൺ 21

അന്താരാഷ്ട്ര യോഗാദിനത്തോടനുബന്ധിച്ച് വിപുലമായ യോഗാ പരിശീലന ക്ലാസ് നടത്തപ്പെട്ടു നൂറിലധികം വിദ്യാർത്ഥികൾ പങ്കെടുത്തു. യോഗാ ദിനത്തോടനുബന്ധിച്ച വിവിധ പോസ്റ്ററുകൾ വിദ്യാർഥികൾ തയ്യാറാക്കി. യോഗയുടെ പ്രാധാന്യത്തെ വിളിച്ചോതുന്നതായിരുന്നു ഓരോ പോസ്റ്ററുകളും. യോഗാദിനത്തിന്റെ ക്രമീകരണങ്ങൾക്ക് NCC, NSS യൂണിറ്റുകൾ സംയോജിതമായി നേതൃത്വം നൽകി.

## MSC 34/24 ഫ്രഷേഴ്സ് ഡേ - 2024

2024- 25 അധ്യയന വർഷ BBA, BCA, B.Com കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്കായുള്ള 'ഫ്രഷേഴ്സ് ഡേ' 2024 ജൂലൈ 9 ചൊവ്വാഴ്ച 1.30 നു നടത്തപെട്ടു. അതാത് ഡിപ്പാർട്ട്മെന്റുകളിലെ അധ്യാപകരും വിദ്യാർത്ഥികളും പങ്കെടുത്ത പ്രസ്തുത പ്രോഗ്രാമിൽ ഒന്നാം വർഷ വിദ്യാർഥികൾക്കായി വിവിധ കലാപരിപാടികൾ സംഘടിപ്പിച്ചു.

## MSC 35/24 ക്രിയേറ്റീവ് സ്കിൽ ടെസ്റ്റ്

ഇടുക്കി ജില്ലാ ഭരണകൂടം **'ഇടുക്കി ഒരു മിടുക്കി'** പദ്ധതിയുടെ ഭാഗമായി ഇടുക്കി ജില്ല സ്കിൽ കമ്മിറ്റിയുടെയും ഇമേജ് ക്രിയേറ്റീവ് എജ്യുക്കേഷന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ലോക യുവജന നൈപുണ്യ ദിനത്തിന്റെ പ്രചാരണാർത്ഥം ക്രിയേറ്റീവ് സ്കിൽ ടെസ്റ്റ് ജൂലൈ 15-ന് ഉച്ചയ്ക്ക് 1.30 മുതൽ 2 മണി വരെ സംഘടിപ്പിച്ചു. കോളേജിലെ എല്ലാ വിദ്യാർത്ഥികളും ക്രിയേറ്റീവ് സ്കിൽ ടെസ്റ്റിൽ പങ്കെടുത്തു.

## MSC 36/24 ഇഗ്നൈറ്റ് ബ്രിഡ്ജ് കോഴ്സ്.

2024 - 2025 അക്കാദമിക് വർഷത്തിലെ വിദ്യാർത്ഥികൾക്കായി ബ്രിഡ്ജ് കോഴ്സ് 2024 ജൂലൈ 4,5 തീയതികളിലായി നടത്തപ്പെട്ടു. ഡിപ്പാർട്ട്മെന്റ് മേധാവിമാരും അധ്യാപകരും നേതൃത്വം നൽകി.

## SS 32/24 ക്രെഡിറ്റ് യൂണിയൻ യൂണിറ്റ് വാർഷികം

ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ജോസ്പുരം SHG ഫെഡറേഷന്റെ വാർഷികം നടത്തപ്പെട്ടു ജോസ്പുരം സെന്റ് ജോസഫ് പാരീഷ് ഹാളിൽ നടന്ന വാർഷിക പരിപാടി യൂണിറ്റ് രക്ഷാധികാരി റവ. ഫാ. ജോസഫ് കൊച്ചൊഴത്തിൽ ഉദ്ഘാടനം ചെയ്തു. SHG ഫെഡറേഷൻ രൂപതാ പ്രസിഡണ്ട് ശ്രീമതി കുഞ്ഞമ്മ തോമസ് അധ്യക്ഷത വഹിച്ച യോഗത്തിൽ യൂണിറ്റ് സെക്രട്ടറി ശ്രീമതി ഡെയ്സി റിപ്പോർട്ട് അവതരിപ്പിച്ചു. യൂണിറ്റ് പ്രസിഡണ്ട് ശ്രീമതി വത്സമ്മ, സൊസൈറ്റി പ്രോഗ്രാം ഓഫീസർ ശ്രീ. സിബി തോമസ്, ഫെഡറേഷൻ രൂപത സെക്രട്ടറിശ്രീ.എബിൻ കുറുന്താനത്ത് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. തൊഴിലാളികൾക്കിടയിൽ ഉണ്ടാകുന്ന ചൂഷണം തടയുവാനായി സൊസൈറ്റിയുടെ നേതൃത്വത്തിൽ ആരംഭിച്ച ഫാം ഫ്രണ്ട്സ് ഗ്രൂപ്പ് ജോസ്പുരം യൂണിറ്റിന്റെ കീഴിൽ ഭംഗിയായി പ്രവർത്തിച്ചു വരുന്നു. എല്ലാ സംഘങ്ങളിൽ നിന്നും ഉള്ള അംഗങ്ങളും വാർഷികത്തിൽ സന്നിഹിതരായിരുന്നു.

## SS 33/24 കാർഷിക ഉപകരണങ്ങളുടെവിതരണം

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി നടപ്പിലാക്കുന്ന ഡെവലപ്മെന്റ് പദ്ധതിയുടെ ഭാഗമായി മറയൂരിലെ 10 കുടികളിൽ ഉള്ള കർഷകർക്ക് കാർഷിക ഉപകരണങ്ങൾ വിതരണം ചെയ്തു. ഗിരിജ്യോതി ഫാർമർ പ്രൊഡ്യൂസർ കമ്പനിയിൽ നടന്ന ചടങ്ങിൽ നബാർഡ് ജില്ലാ മാനേജർ ശ്രീ. അരുൺ എം.എസും ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഡോ. ജോസഫ് കൊച്ചുകുന്നേലും ചേർന്ന് വില്ലേജ് പ്ലാനിങ് കമ്മിറ്റി പ്രസിഡണ്ട് ശ്രീ. സൂര്യന് പണിയായുധങ്ങൾ നൽകിക്കൊണ്ട് ഉദ്ഘാടന കർമ്മം

നിർവഹിച്ചു. തുടർന്ന് മറയൂർ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ. ജോമോൻ തോമസിനൊപ്പം വിവിധ കുടികൾ സന്ദർശിക്കുകയുംപദ്ധതിവിശകലനം നടത്തുകയും ചെയ്തു. പരിപാടികൾക്ക് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ശ്രീ സിബി മാളിയേക്കൽ, കോ-ഓർഡിനേറ്റർമാരായ ശ്രീ ബിജോ ഇളംതുരുത്തി, ശ്രീഎബിൻ കുറുന്താനത്ത്, ശ്രീ നിതിൻ തോമസ്, മറയൂർ ഫീൽഡ് സ്റ്റാഫ് അംഗങ്ങൾ എന്നിവർനേതൃത്വംനൽകി.

## SS 34/24 മില്ലറ്റ് പദ്ധതി

നബാർഡിന്റെ സഹായത്തോടെ ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റിമറയൂർ, അടിമാലി പഞ്ചായത്തുകളിലെ കുടികളിൽ നടത്തിവരുന്ന മില്ലറ്റ് പദ്ധതിയുടെ റിവ്യൂ മീറ്റിംഗും മോണിറ്ററിംഗ് വിസിറ്റും നടത്തി. സൊസൈറ്റി കോ-ഓർഡിനേറ്റർമാരായ ശ്രീഎബിൻ കുറുന്താനത്തും നിതിൻ തോമസും ആണ് പരിപാടിക്ക് നേതൃത്വംനൽകിയത്.

## SS 35/24 കേരള സോഷ്യൽ സർവീസ് ഫോറം മീറ്റിംഗ്

കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ വാർഷിക ജനറൽ ബോഡി മീറ്റിങ്ങിൽ ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഡോ. ജോസഫ് കൊച്ചുകുന്നേൽ പ്രോഗ്രാം ഓഫീസർ സിബി തോമസ് കോ-ഓർഡിനേറ്റർമാരായ ശ്രീ ബിജോ ഇളംതുരുത്തിയി, ശ്രീ നിതിൻ തോമസ് എന്നിവർപങ്കെടുത്തു.

## KCSL 15/24 2024-25 രൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനവും, ആനിമേറ്റേഴ്സ്, വിദ്യാർഥി പ്രതിനിധി സംഗമവും.

കെ.സി.എസ്.എൽ ഇടുക്കി രൂപതയുടെ 2024.25 വർഷത്തെ പ്രവർത്തന ഉദ്ഘാടനവും ആനിമേറ്റേഴ്സ്, വിദ്യാർത്ഥി പ്രതിനിധി സംഗമവും മുരിക്കാശ്ശേരി സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് ജൂലൈ 1 ന് നടത്തപ്പെട്ടു. സ്കൂൾ മാനേജർ വെരി. റവ. ഫാ. ജോസ് നരിതൂക്കിൽ അധ്യക്ഷനായ ചടങ്ങിൽ ഇടുക്കി രൂപതാ മെത്രാൻ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു. ഇടുക്കി രൂപത മുഖ്യ വികാരി ജനറാൾ വെരി. റവ. മോൺ. ജോസ് കരിവേലിക്കൽ അനുഗ്രഹ പ്രഭാഷണം നടത്തി. ഇടുക്കി രൂപത വിദ്യാഭ്യാസ ഏജൻസി സെക്രട്ടറി റവ. ഡോ. ജോർജ് തകിടിയേൽ മുഖ്യപ്രഭാഷണം നടത്തി. ഈ യോഗത്തിൽ വച്ച് സംസ്ഥാന അവാർഡ് ജേതാക്കളെ അഭിവന്ദ്യ പിതാവ് ആദരിക്കുകയും, ട്രോഫികൾ നൽകുകയും ചെയ്തു. പ്രസ്തുത യോഗത്തിന് ഇടുക്കി രൂപത കെ.സി.എസ്.എൽ. ഡയറക്ടർ റവ. ഫാ. അമൽ മണിമലക്കുന്നേൽ സ്വാഗതവും, കെ.സി.എസ്. എൽ. രൂപത പ്രസിഡന്റ് മനോജ് ചാക്കോ കൃതജ്ഞതയുംനേർന്നു.

## KCSL 16/24 കെ.സി.എസ്.എൽ. എക്സിക്യൂട്ടീവ് പുതിയ അംഗങ്ങൾ

കെ.സി.എസ്.എൽ. രൂപതാ എക്സിക്യൂട്ടീവിലേക്ക് Sr. വിജി തെരെസ് SABS SJHSS വെള്ളയാംകുടി, Sr. ഗ്രേസ് CMC FMHSS കൂമ്പൻപാറ, ജോഷി ജോസഫ് STHSS ഇരട്ടയാർ, ദീപക് ജോസഫ് SJHSS വെള്ളയാംകുടി, അനീഷ് കെ. ജോൺ SJLPS തൂവൽ, നിഷ ജേക്കബ് SMLPS തോപ്രാംകുടി എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

**റീജിയണൽ കോ-ഓർഡിനേറ്റേഴ്സ്**

കൂമ്പൻപാറ - Sr. ഷൈനി മാത്യു SD SMHS മാങ്കുളം

ഇരട്ടയാർ - അനു ജോസഫ് STLPS തങ്കമണി

**കെ.സി.എസ്.എൽ ലീഡേഴ്സ്**

ചെയർമാൻ - ആൽബി ഷൈജു SJHSS വെള്ളയാംകുടി

ജനറൽ സെക്രട്ടറി - ആഷ്ന ടോമി STHSSതങ്കമണി

അനു ജോസഫ് STLPSതങ്കമണി

## KCSL 17/24 കളറിങ് മത്സരം

LP, UP, HS, HSS വിഭാഗങ്ങളിലെ കുട്ടികൾക്ക് ജൂലൈ 24-ാം തീയതി കളറിംഗ് മത്സരം നടത്തി. സ്കൂൾ തലത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് സമ്മാനങ്ങൾ നൽകും. രൂപതാതലത്തിൽ ഓരോ വിഭാഗത്തിലും ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്ക് ക്യാഷ്പ്രൈസ്നൽകും.

# തിരുബാലസഖ്യം

## HC 30/24 ഗ്രാൻഡ് പേരന്റ്സ് ഡേ ജൂലൈ 28

ഗ്രാൻഡ് പേരന്റ്സ് ഡേ രൂപതാ തലത്തിൽ നസ്രത്ത്വാലി ഹോളിഫാമിലി പള്ളിയിൽ വച്ച് തിരുബാലസഖ്യം, ചെറുപുഷ്പ മിഷൻലീഗ് എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിൽ സംയുക്തമായി നടത്തപ്പെട്ടു. ഗ്രാൻഡ് പേരന്റ്സ് ഡേ ശാഖകളിൽ ഏറ്റവും മനോഹരമാക്കാൻ സഹായിച്ച തിരുബാലസഖ്യത്തിലെ എല്ലാ കുഞ്ഞുങ്ങൾക്കും എല്ലാ ശാഖാ ആനിമേറ്റർമാർക്കും നേതൃത്വം നൽകിയ വൈദികർക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

## HC 31/24 സ്വാഗതം

തിരുബാലസഖ്യത്തിന്റെയും, ചെറുപുഷ്പ മിഷൻലീഗിന്റെയും ഓഫീസ് സെക്രട്ടറിയായി നിയമിതനായ ബ്രദർ സിബിൻ അമ്പാട്ടിന് തിരുബാലസഖ്യം രൂപതാ കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

## HC 32/24 വായനാദിനം

വായനാദിനത്തോടനുബന്ധിച്ച് കുട്ടികൾക്കുവേണ്ടി നടത്തിയ 'ഉണ്ണീശോയ്ക്ക് ഒരു കത്ത്' മത്സരത്തിൽ വിജയികളായവർ

1st ഹന്ന തെരേസ പൊന്നാമല

2nd ആൻ മാത്യു കാൽവരിമൗണ്ട്

3rd ക്രിസ് ലിയ രാജേഷ് അടിമാലി

## HC 33/24 ഫാദേഴ്സ് ഡേ

പിതൃദിനത്തോടനുബന്ധിച്ച് തിരുബാല സഖ്യത്തിലെ കുട്ടികൾക്ക് വേണ്ടി നടത്തിയ ഫോട്ടോ ഫ്രെയിം മത്സരത്തിൽ വിജയികളായവർ

1 st എബിൻ സിജോ മുക്കുടം

2nd ഇവ സൈമി ജോസ്ഗിരി

3rd ജെറോൺ ദിബു ആനച്ചാൽ

വിജയികൾക്ക് തിരുബാലസഖ്യം കുടുംബത്തിന്റെ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

## HC 34/24 മേഖലാ കലോത്സവം

ഈ വർഷത്തെ മേഖല കലോത്സവം "Kiddie Fiesta 2K24" ഓഗസ്റ്റ് 26-ാം തീയതി നടത്തപ്പെടുന്നതാണ്. എല്ലാ മേഖലാ ഡയറക്ടർമാരും ആനിമേറ്റേഴ്സും വേണ്ട ഒരുക്കങ്ങൾ നടത്തണം.

**മത്സരയിനങ്ങൾ**

### A. Sub Junior വിഭാഗം (ഉണ്ണീശോക്കളരി, Class - 1)

പ്രസംഗം - 3 മിനിറ്റ്

സംഗീതം

കളറിംഗ്

വിശുദ്ധരുടെ കഥ പറച്ചിൽ - 3 മിനിറ്റ്

### B. Junior വിഭാഗം (2, 3 class)

പ്രസംഗം - 3 ഉം 4 മിനിറ്റ്

സംഗീതം

കളറിംഗ്

വിശുദ്ധരുടെ കഥ പറച്ചിൽ - 3 ഉം4 മിനിറ്റ്
ബൈബിൾ വായന - വായന ഭാഗം 2 ദിവസം മുൻപ് നൽകും. (ജൂണിയേഴ്സിന് മാത്രം)

## C. Senior വിഭാഗം (Class 4, 5)

പ്രസംഗം -4 മിനിറ്റ്
സംഗീതം -ഒരു പാട്ടിന്റെ സമയം
വിശുദ്ധരുടെ കഥ പറച്ചിൽ
കളറിംഗ്
ബൈബിൾ വായന -
(മത്സരത്തിന്റെ ഉദ്ഘാടന സമ്മേളനത്തിൽ വായന ഭാഗം നല്കും. സുവിശേഷത്തിൽ നിന്നാണ് വായന ഭാഗം നൽകുക. ദേവാലയ ത്തിൽ ഉപയോഗിക്കുന്ന സുവിശേഷഗ്രന്ഥം ആണ് ഉപയോഗി ക്കുന്നത്)

## D ഗ്രൂപ്പ് ഇനങ്ങൾ

Action Song
Group Song
പങ്കെടുക്കുന്നവരുടെ എണ്ണം 7 ഉം 5

**നിബന്ധനകൾ**

1. ആൺ പെൺ വ്യത്യാസം ഇല്ലാതെ ഒരു ഇനത്തിൽ രണ്ടു കുട്ടി കൾക്ക് പങ്കെടുക്കാം
2. ഒരു കുട്ടിക്ക് 5 ഇനങ്ങളിൽ പങ്കെടുക്കാം. (എന്നാൽ, 3 വ്യക്തിഗത ഇനങ്ങളിൽ മാത്രമേ പങ്കെടുക്കാൻ കഴിയൂ)
3. ഗ്രൂപ്പ് ഇനങ്ങൾക്ക് ഒരു ഇടവകയിൽ നിന്ന് ഒരു ടീം മാത്രം. കുട്ടികളെ നിങ്ങളുടെ ഇഷ്ടം അനുസരിച്ച്തിരഞ്ഞെടുക്കാം.

## HC 34/24 ഫാൻസി ഡ്രസ് മത്സര വിജയികൾ

"Little Maria" Fancy Dress Competition ഏറെ മനോഹരമാക്കിയ എല്ലാവർക്കും അഭിനന്ദനങ്ങൾ നേരുന്നു. അവരെ ഒരുക്കിയ മാതാപിതാക്കന്മാർക്കും ആനിമേറ്റേഴ്സിനും പ്രത്യേക അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.
രൂപതാ തലത്തിൽ സമ്മാനാർഹരായവർ
ഒന്നാം സമ്മാനം: Rosemaria Tinees, Kallarkutty

രണ്ടാം സമ്മാനം: Jovano Joby, Thankamany
മൂന്നാം സമ്മാനം: Issa Ann Soji, Erattayar
സമ്മാനാർഹരായവർക്ക്അനുമോദനങ്ങൾ

# ചെറുപുഷ്പ മിഷൻലീഗ്

## CML 44/24 എക്സിക്യൂട്ടീവ് & ഓർഗനൈസിംഗ് ടീം മീറ്റിംഗുകൾ

ഇടുക്കി രൂപതാ ചെറുപുഷ്പ മിഷൻ ലീഗിന്റെ 2024-2025 പ്രവർത്തന വർഷത്തെ രണ്ടാമത് എക്സിക്യൂട്ടീവ് മീറ്റിംഗും അതിനെ തുടർന്ന് ഓർഗനൈസിംഗ് ടീം മീറ്റിംഗും ജൂലൈ മാസം 7-ാം തീയതി ഞായറാഴ്ച കരിമ്പൻ ബിഷപ്സ് ഹൗസിൽ വച്ച് പ്രസിഡന്റ് ശ്രീ സെസിൽ ജോസിന്റെ അധ്യക്ഷതയിൽ നടത്തി. കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ജൂലൈ 12,13 തീയതികളിലായി നടത്താനിരിക്കുന്ന മാനേജിംഗ് കമ്മിറ്റി മീറ്റിംഗ്, രൂപതാ കൗൺസിൽ, വാർഷികം എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## CML 45/24 രൂപതാ മാനേജിംഗ് കമ്മിറ്റി മീറ്റിംഗ്

ഇടുക്കി രൂപതാ ചെറുപുഷ്പ മിഷൻലീഗിന്റെ 2024-25 പ്രവർത്തനവർഷത്തെ പ്രഥമ മാനേജിംഗ് കമ്മിറ്റി മീറ്റിംഗ് ജൂലൈ മാസം 12-ാം തീയതി വെള്ളിയാഴ്ച രാജാക്കാട് ഫൊറോന ദൈവാലയ പാരീഷ് ഹാളിൽ വച്ച് പ്രസിഡന്റ് ശ്രീ സെസിൽ ജോസിന്റെ അധ്യക്ഷതയിൽ നടത്തി.വൈസ് പ്രസിഡന്റ് ആൻ മരിയ ജോർജ് സ്വാഗതം ആശംസിച്ചു. 2023-2024 പ്രവർത്തന വർഷത്തെ വാർഷിക റിപ്പോർട്ടും, വാർഷിക വരവ് ചെലവ് കണക്കുകളും, ബജറ്റും സെക്രട്ടറി ശ്രീ മാർട്ടിൻ മാത്യു അവതരിപ്പിച്ചു. രാജാക്കാട് ക്രിസ്തു രാജാ ഫൊറോനപ്പള്ളി വികാരി റവ. ഫാ. മാത്യു കരോട്ടുകൊച്ചറക്കൽ ആശംസകൾ അർപ്പിച്ചു.

തുടർന്ന് നടന്ന ചർച്ചകൾക്കും ക്ലാസുകൾക്കും CML രൂപതാ

ഡയറക്ടർ റവ. ഫാ. ഫിലിപ്പ് ഐക്കര നേതൃത്വം നൽകി. പ്രതികൂല കാലാവസ്ഥയിലും എല്ലാ മേഖലകളിൽ നിന്നുമുള്ള ഭാരവാഹികൾ ഡയറക്ടറച്ചന്റെയും വൈസ് ഡയറക്ടർ സിസ്റ്ററിന്റെയും നേതൃത്വത്തിൽ മാനേജിംഗ് കമ്മിറ്റിയിൽ പങ്കെടുത്തു.

## CML 46/24 രൂപതാ കൗൺസിലും വാർഷികവും

ജൂലൈ 13-ാം തീയതി ശനിയാഴ്ച രൂപതാ പ്രസിഡന്റ് ശ്രീ സെസിൽ ജോസ് രാജാക്കാട് ക്രിസ്തുരാജാ ഫൊറോനാ ദൈവാലയങ്കണത്തിൽ ചെമ്മഞ്ഞ പതാക ഉയർത്തിയതോടെ ഇടുക്കി രൂപതാ ചെറുപുഷ്പ മിഷൻലീഗിന്റെ 2024-25 പ്രവർത്തന വർഷത്തെ രൂപതാ കൗൺസിനും വാർഷികാഘോഷങ്ങൾക്കും തിരി തെളിഞ്ഞു. രൂപതാ സമിതി അംഗങ്ങൾ നേതൃത്വം നൽകിയ പ്രേഷിത റാലിയിൽ വൈദികരും സമർപ്പിതരും ഉൾപ്പെടെ നൂറുകണക്കിന് മിഷൻലീഗ് പ്രവർത്തകരാണ് ചെമ്മഞ്ഞ പതാക കരങ്ങളിലേന്തി മുദ്രാവാക്യം മുഴക്കി പ്രേഷിത തീക്ഷ്ണതയോടെ അണിനിരന്നത്.

പ്രേഷിതറാലിയെത്തുടർന്ന് പാരീഷ് ഹാളിൽ വച്ച് നടത്തിയ പൊതുസമ്മേളനം രൂപതാ വൈസ് ഡയറക്ടർ റവ. സി. സ്റ്റാർലെറ്റ് CMC നേതൃത്വം നൽകിയ പ്രേഷിതാഞ്ജലി പ്രാർത്ഥനയോടെ ആരംഭിച്ചു. CML രൂപതാ പ്രസിഡന്റ് ശ്രീ സെസിൽ ജോസ് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. അസി. ഡയറക്ടർ റവ. ഫാ. ജോസഫ് താണോലിൽ സ്വാഗതം ആശംസിച്ചു. ഇടുക്കി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് ഉദ്ഘാടനം നിർവഹിച്ചു. മോൺ. ജോസ് പ്ലാച്ചിക്കൽ, മോൺ. അബ്രാഹം പുറയാറ്റ് എന്നിവർ കയ്യെഴുത്തു മാസിക മത്സരത്തിന്റെയും ലോഗോ മത്സരത്തിന്റെയും ഫലപ്രഖ്യാപനം നടത്തി.

രൂപതാ കൗൺസിലിനോടനുബന്ധിച്ച് നടത്തിയ സെമിനാറിന് ശ്രീ വിജു കൊച്ചുകരോട്ട് നേതൃത്വം നൽകി. വാർഷികത്തിൽ അവതരിപ്പിച്ച 2023-2024 പ്രവർത്തന വർഷത്തെ ഡിജിറ്റൽ റിപ്പോർട്ട് ഏറെ ശ്രദ്ധേയമായി. മുൻകാല രൂപതാ ഭാരവാഹികളെ അഭിവന്ദ്യ പിതാവ് മെമന്റോ നൽകി ആദരിച്ചു. 2023-2024 പ്രവർത്തന വർഷത്തെ മികച്ച ശാഖകൾ, മേഖലകൾ, കയ്യെഴുത്തു മാസിക മത്സര വിജയികൾ, 2024-2025 പ്രവർത്തന വർഷത്തെ ലോഗോ

മത്സര വിജയികൾ എന്നിവർക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്തു. മിഷൻ ലീഗ് പ്രവർത്തകരുടെ വിവിധ കലാപരിപാടികൾ വാർഷികത്തെ കൂടുതൽ മനോഹരമാക്കി. CML രൂപതാ ജനറൽ സെക്രട്ടറി ശ്രീ മാർട്ടിൻ മാത്യു സമ്മേളനത്തിൽ കൃതജ്ഞത അർപ്പിച്ചു.

AKCC രൂപതാ പ്രസിഡന്റ് ശ്രീ K C ജോർജ്, KCYM രൂപതാ പ്രസിഡന്റ് ശ്രീ ജെറിൻ ജെ. പട്ടാംകുളം, മാതൃവേദി രൂപതാ പ്രസിഡന്റ് ശ്രീമതി ഷേർളി ജൂഡി, സി. മേബിൾ CMC, സി. ജ്യോതിസ് SABS എന്നിവർ വിശിഷ്ടാതിഥികളായിരുന്നു.

ചെറുപുഷ്പ മിഷൻലീഗ് ഇടുക്കി രൂപതാ ഡയറക്ടർ റവ. ഫാ. ഫിലിപ്പ് ഐക്കര, രാജാക്കാട് ക്രിസ്തുരാജാ ഫൊറോനപ്പള്ളി വികാരി റവ. ഫാ. മാത്യു കരോട്ടുകൊച്ചറക്കൽ, രാജാക്കാട് മേഖലാ ഡയറക്ടർ റവ. ഫാ. ജോയ്സ് കൊച്ചിത്തറ എന്നിവരോടൊപ്പം രൂപതാ സമിതി അംഗങ്ങളും മേഖലാ ഭാരവാഹികളും രാജാക്കാട് സൺഡേ സ്കൂൾ അധ്യാപകരും ഇടവകാംഗങ്ങളും പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകി.

## CML 47/24 2023-2024 പ്രവർത്തന വർഷത്തെ മികച്ച ശാഖകളും മേഖലകളും

### GOLDEN STAR ശാഖകൾ

1. കാൽവരി മൗണ്ട്
2. രാജപുരം
3. അടിമാലി
4. കൂമ്പൻപാറ

### SILVER STAR ശാഖകൾ

1. മുരിക്കാശ്ശേരി
2. പാറത്തോട്
3. പെരിഞ്ചാംകുട്ടി
4. എഴുകുംവയൽ
5. വെള്ളയാംകുടി
6. രാജമുടി
7. കരിമ്പൻ

### BRONZE STAR ശാഖകൾ

1. തങ്കമണി
2. ആയിരമേക്കർ
3. കോഴിമല
4. ഇരട്ടയാർ
5. നാരകക്കാനം
6. വാഴത്തോപ്പ്

7. വാഴവര
8. തൂക്കുപാലം
9. നെല്ലിപ്പാറ
10. മാങ്കുളം
11. തോപ്രാംകുടി
12. സ്നേഹഗിരി
13. കാന്തിപ്പാറ
14. നീലിവയൽ
15. പണിക്കൻകുടി
16. വെൺമണി
17. ബഥേൽ
18. രാജകുമാരി
19. പൊട്ടൻകാട്
20. എല്ലക്കല്ല്

**SILVER STAR മേഖലകൾ**

1. മുരിക്കാശ്ശേരി
2. കൂമ്പൻപാറ

**BRONZE STAR മേഖലകൾ**

1. വെള്ളയാംകുടി
2. പാറത്തോട്
3. വാഴത്തോപ്പ്

## CML 48/24 2023-2024 പ്രവർത്തന വർഷത്തെ കയ്യെഴുത്ത് മാസിക മത്സര വിജയികൾ

**Category A**

- ❖ ഒന്നാം സ്ഥാനം - ആനച്ചാൽ ശാഖ.
- ❖ രണ്ടാം സ്ഥാനം - തൂക്കുപാലം ശാഖ.
- ❖ മൂന്നാം സ്ഥാനം - ഇടുക്കി ശാഖ.

**Category B**

- ❖ ഒന്നാം സ്ഥാനം - ഇരട്ടയാർ ശാഖ
- ❖ രണ്ടാം സ്ഥാനം - കാൽവരിമൗണ്ട് ശാഖ
- ❖ മൂന്നാം സ്ഥാനം - തോപ്രാംകുടി ശാഖ

വിജയികളായവർക്കും, പങ്കെടുത്ത എല്ലാ ശാഖകൾക്കും അഭിനന്ദനങ്ങൾ!

## CML 49/24 ലോഗോ മത്സരം

'ദൈവ കേന്ദ്രീകൃത കുടുംബം ദൈവവിളികളുടെ ഉറവിടവും ശക്തിയും' എന്ന പഠന വിഷയത്തെ ആസ്പദമാക്കി ചെറുപുഷ്പ മിഷൻലീഗ് ഇടുക്കി രൂപത 2024-2025 പ്രവർത്തനവർഷ ആരംഭ ത്തിൽ നടത്തിയ ലോഗോ മത്സര വിജയികൾ.

**Logo Competition - Hand Drawing**

- ❖ ഒന്നാംസ്ഥാനം - സിന്ധു അനീഷ് തോപ്രാംകുടി .
- ❖ രണ്ടാം സ്ഥാനം - അലോണ ബിജു ആനച്ചാൽ
- ❖ മൂന്നാം സ്ഥാനം - റോയി T ജോർജ് ജോർജിയാർ

**Logo Competition - Digital**

- ❖ ഒന്നാം സ്ഥാനം - ജിയന്ന ജോബി ഇരട്ടയാർ
- ❖ രണ്ടാം സ്ഥാനം - ശ്രീന ബിനു കോഴിമല
- ❖ മൂന്നാം സ്ഥാനം - ജിൽജോ P S പാലാർ

വിജയികളായ എല്ലാവർക്കും അവരെ പ്രോത്സാഹിപ്പിച്ചവർക്കും മത്സരത്തിൽ പങ്കെടുത്ത മറ്റെല്ലാവർക്കും പ്രത്യേക അഭിനന്ദനങ്ങൾ!

## CML 50/24 രൂപതാതല സാഹിത്യമത്സരം/മേഖലാ കലോത്സവം

ഓഗസ്റ്റ് 3-ാം തീയതി രൂപതയിലെ 5 സെന്ററുകളിൽ വച്ച് ഇടുക്കി രൂപതാ ചെറുപുഷ്പ മിഷൻലീഗ് സാഹിത്യ മത്സരം നടത്തുന്നതാണ്. ഓരോ ശാഖയിൽ നിന്നും മികച്ച പങ്കാളിത്തം ഉണ്ടാകാൻ ശ്രദ്ധിക്കുമല്ലോ. മത്സരത്തെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ മാർഗരേഖയിൽ Page 60-ൽ നൽകിയിട്ടുണ്ട്. സാഹിത്യ മത്സരത്തിൽ (ഉപന്യാസം, കഥാരചന, കവിതാരചന) ഓരോ വിഭാഗത്തിലും രണ്ട് ആൺകുട്ടികൾക്കും രണ്ട് പെൺകുട്ടികൾക്കും വീതം പങ്കെടുക്കാവുന്നതാണ്.

എന്നാൽ മേഖലാ കലോത്സവത്തിൽ (പ്രസംഗം,സംഗീതം, ബൈബിൾ വായന, മിഷൻ ക്വിസ്) ഓരോ വിഭാഗത്തിലും ഒരാൺകുട്ടിക്കും ഒരു പെൺകുട്ടിക്കും വീതം മാത്രമേ പങ്കെടുക്കാൻ സാധിക്കൂ. മേഖലാ കലോത്സവത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയവർക്ക് രൂപതാ കലോത്സവത്തിൽ പങ്കെടുക്കാവുന്നതാണ്. രണ്ടുപേർ ഒന്നാം സ്ഥാനത്തിന് അർഹരായവരുണ്ടെങ്കിൽ അവരെ രണ്ടുപേരെയും ആണ് രൂപതാ കലോത്സവത്തിൽ പങ്കെടുപ്പിക്കേണ്ടത്.

രൂപതാതല സാഹിത്യമത്സരത്തിലും കലോത്സവത്തിലും A, B കാറ്റഗറികളിൽ ഏറ്റവും കൂടുതൽ പോയിന്റുകൾ നേടുന്ന ശാഖകൾക്ക് പ്രത്യേക സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

## KCYM 48/24 വിശുദ്ധ തോമസ് മൂർ ദിനാചരണം

കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ ജൂൺ 23 ഞായറാഴ്ച കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ സ്വർഗീയ മധ്യസ്ഥനായ വിശുദ്ധ തോമസ് മൂർ ദിനാചരണം നടത്തി. തുടർന്ന് ഇടുക്കി രൂപതയിലെ എല്ലാ കെ.സി.വൈ.എം. യൂണിറ്റുകളും വിശുദ്ധ തോമസ് മൂർ ദിനാചരണവും പതാക വന്ദനവും പുഷ്പാർച്ചനയും സംഘടിപ്പിച്ചു.

## KCYM 49/24 RAPID RESPONSE TEAM

മഴക്കാല ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ Rapid Response Force Team ആരംഭിച്ചു. അതോടൊപ്പം ഇടുക്കി രൂപതയിലെ എല്ലാ കെ.സി.വൈ.എം. യൂണിറ്റുകളിലും Rapid Response Team രൂപീകരിക്കുകയും ചെയ്തു.

## KCYM 50/24 കാൻയൻ – കെ.സി.വൈ.എം. പരിസ്ഥിതി പഠന ശിബിരം

കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ ആതിഥേയത്വത്തിൽ കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ മൂന്ന് ദിവസത്തെ പരി സ്ഥിതി പഠന ശിബിരം കാൻയൻ ജൂൺ 28,29,30 തീയതികളിലായി നെടുങ്കണ്ടം കരുണ ആനിമേഷൻ സെന്ററിൽ വച്ച് നടത്തപ്പെട്ടു. കേരളത്തിലെ 32 രൂപതകളിൽ നിന്നുമായി 138 ഓളം യുവജനങ്ങൾ പങ്കെടുത്തു.

## KCYM 51/24 യുവജന ദിനാഘോഷം

2024 യുവജന വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി കെ.സി.വൈ.എം. ഇടുക്കി രൂപതയിലെ എല്ലാ ഇടവകകളിലും ജൂലൈ 7-ാം തീയതി ഞായറാഴ്ച യുവജനദിന ആഘോഷം നടത്തപ്പെട്ടു.

## KCYM 52/24 മേഖല ഇലക്ഷൻ

കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ രാജാക്കാട്-കുഞ്ചിത്തണ്ണി, ചുരുളി-മുരിക്കാശ്ശേരി എന്നീ മേഖലകളിലെ മേഖല ഭാരവാഹികൾക്കായുള്ള തെരഞ്ഞെടുപ്പ് ജൂലൈ 14 ഞായറാഴ്ച സംഘടിപ്പിച്ചു.

## KCYM 53/24 കേരളത്തിലെ മാലിന്യ നിർമാർജനം വൈകുന്നതിൽ കെ.സി.വൈ.എം. പ്രതിഷേധം

മാലിന്യ നിർമാർജനത്തിന് സർക്കാർ അടിയന്തരമായി ഇടപെടൽ നടത്തിയില്ലെങ്കിൽ കെ.സി.വൈ.എം. ഇടുക്കി രൂപത യൂണിറ്റ് തലങ്ങളിൽ ശക്തമായ പ്രതിഷേധവുമായി മുന്നോട്ട് പോകുമെന്ന്ആഹ്വാനംചെയ ്തു.

# ജീസസ് യൂത്ത് ഇടുക്കി സോൺ

## JY 63/24 കൗൺസിൽ മീറ്റിങ്ങ്

ജീസസ് യൂത്ത് സോണൽ കൗൺസിൽ മീറ്റിങ്ങ് ജൂലൈ മാസം 27,28 തീയതികളിൽ, ചാപ്ലെയിൻ ഫാ. ജെയിംസ് മാക്കിയിലിന്റെയും ആനിമേറ്റർ സിസ്റ്റർ ബ്ലസി സി.എം.സി യുടെയും സാന്നിധ്യത്തിൽ നെടുങ്കണ്ടം കരുണാ ആനിമേഷൻ സെന്ററിൽ വച്ച് നടത്തപ്പെട്ടു. കൗൺസിൽ അംഗങ്ങൾ മീറ്റിംഗിൽ സജീവമായി പങ്കെടുത്തു. ഒന്നിച്ചുള്ള പ്രാർത്ഥനയ്ക്കും ചർച്ചകൾക്കും ശേഷം ദൈവതിരുമുമ്പിൽ നന്ദിനിറഞ്ഞ ഹൃദയത്തോടെ കൗൺസിൽ മീറ്റിംഗ് അവസാനിച്ചു.

## JY 64/24 സോണൽ ഹൗസ് ഹോൾഡ്

ജീസസ് യൂത്ത് ഇടുക്കി സോണിന്റെ ജൂലൈ മാസത്തിലെ ഹൗസ്ഹോൾഡ് ജൂലൈ 7ന് തെള്ളിത്തോട് സെന്റ് ജോസഫ് ദേവാലയത്തിൽ നടത്തപ്പെട്ടു. ഹൗസ് ഹോൾഡ് ടീം സോണൽ ഹൗസ് ഹോൾഡിന് നേതൃത്വം നൽകി. ''ഇവൾ എനിക്കുവേണ്ടി ഒരു നല്ല കാര്യം ചെയ്തിരിക്കുന്നു'' (മർക്കോ 14, 6) എന്ന വചനഭാഗം ഹൗസ്ഹോൾഡ് പഠനവിഷയം ആയിരുന്നു. 50 ജീസസ് യൂത്ത് ആംഗങ്ങൾ പങ്കെടുത്തു.

## JY 65/24 സെൻട്രൽ പ്രെയർ ഗ്രൂപ്പ്

എല്ലാ ബുധനാഴ്ചകളിലും പടമുഖം സ്നേഹമന്ദിരത്തിൽ വച്ച് വൈകുന്നേരം 6:30 മുതൽ സെൻട്രൽ പ്രെയർ മീറ്റിംഗ് കൂടി വരുന്നു. തോപ്രാംകുടി, പാറത്തോട് സബ്സോൺ ഗ്രൂപ്പുകൾ മീറ്റിങ്ങിന് നേതൃത്വം നൽകുന്നു.

## JY 66/24 പ്രെയർ ഗ്രൂപ്പുകൾ

കരിമ്പൻ സെന്റ് മേരീസ് ദേവാലയത്തിലും, രാജാക്കാട് ക്രിസ്തുരാജ് ദേവാലയത്തിലും പാറത്തോട് സെന്റ് ജോർജ് ദേവാലയത്തിലും സബ്സോൺ പ്രെയർ ഗ്രൂപ്പുകൾ നടന്നുവരുന്നു.

## JY 67/24 ടീൻസ് പ്രെയർ ഗ്രൂപ്പ്

കരിമ്പൻ സെന്റ് തോമസ് പബ്ലിക് സ്കൂളിലും, മുരിക്കാശ്ശേരി സെന്റ് മേരിസ് സ്കൂളിലും എല്ലാ വെള്ളിയാഴ്ച്ചകളിലും പ്രാർത്ഥന കൂട്ടായ്മകൾ നടന്നു വരുന്നു.

## JY 68/24 പ്രാർത്ഥനാശംസകൾ

ഇടുക്കി സോണിൽ നിന്നും ഫുൾടൈമർഷിപ്പ് ട്രെയിനിങ്ങിൽ പങ്കെടുക്കുന്ന കാന്തിപ്പാറ ഇടവകാംഗം അനുഗ്രഹിന് ജീസസ് യൂത്ത് ഇടുക്കി കുടുംബത്തിന്റെപ്രാർത്ഥനാശംസകൾ.

# മാതൃവേദി

## MV 26/24 ബൈബിൾ കൈയെഴുത്ത് രജിസ്ട്രേഷൻ

2024-25 ബൈബിൾ കൈയെഴുത്ത് രജിസ്ട്രേഷൻ ഓഗസ്റ്റ് 15-ാം തീയതി വരെ നടത്താവുന്നതാണ്.

## MV 27/24 സീറോ മലബാർ ഗ്ലോബൽ മാതൃവേദി ജനറൽ ബോഡി മീറ്റിംഗ്

ജൂലൈ മാസം 29-ാം തീയതി തിങ്കളാഴ്ച കാക്കനാട് മൗണ്ട് സെൻറ് തോമസിൽ വച്ച് ജനറൽ ബോഡി മീറ്റിംഗ് നടത്തപ്പെട്ടു.

## MV 28/24 വി. മോനിക്കാ പുണ്യവതിയുടെ തിരുനാൾ

ഓഗസ്റ്റ് 27-ാം തീയതി അമ്മമാരുടെയും ഭാര്യമാരുടെയും മധ്യസ്ഥയായ വിശുദ്ധ മോനിക്കാ പുണ്യവതിയുടെ തിരുനാൾ

ദിവസം പ്രാർത്ഥനാദിനമായി മാതൃവേദി അംഗങ്ങൾ ആചരിക്കുന്നു. അതിനോടനുബന്ധിച്ച് ഇടവകകളിൽ ഈ മാസത്തെ മാതൃവേദി യോഗത്തിൽ മോനിക്കാ പുണ്യവതിയെക്കുറിച്ച് പഠിക്കുവാനും പഠിപ്പിക്കുവാനുമുള്ള സാഹചര്യമൊരുക്കുമല്ലോ.



## പ്രാർത്ഥനാ ഗ്രൂപ്പ്

### PG 70/24 ജൂബിലേവൂസ് 2026

കരിസ്മാറ്റിക് നവീകരണം ഇടുക്കി സോണിന്റെ നേതൃത്വത്തിൽ ജൂലൈ പത്തിന് ജൂബിലേവൂസ് 2026-ന് ഒരുക്കമായുള്ള ആരാധനയും സെമിനാറും കൂമ്പൻപാറ ഫാത്തിമാ മാതാ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. വചനധ്യാനം, മധ്യസ്ഥപ്രാർത്ഥന എന്നിവയോട് കൂടിയ സെമിനാറിലെ ശുശ്രൂഷകൾ കരിസ്മാറ്റിക് നവീകരണം ഇടുക്കി സോൺ കോ-ഓർഡിനേറ്റർ ജോസ് സെബാസ്റ്റ്യൻ കൂട്ടുങ്കൽ നയിച്ചു.

### PG 71/24 സബ്സോൺ പുനഃസംഘടന

രാജാക്കാട്, അടിമാലി, തോപ്രാംകുടി, പാറത്തോട്, വാഴത്തോപ്പ് എന്നീ സബ് സോണുകളിൽ അടുത്ത രണ്ട് വർഷത്തേക്ക് കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തെ ധീരതയോടെ നയിക്കുവാൻ പുതിയ 9 അംഗ സേവന സമിതികൾ നിലവിൽ വന്നു. രാജാക്കാട് സബ്സോൺ കോ-ഓർഡിനേറ്ററായി ശ്രീ ഐബി ഉറുകുഴി, അടി മാലി സബ്സോൺ കോ-ഓർഡിനേറ്ററായി ശ്രീ അവരാച്ചൻ കോട്ടയ്ക്കകത്ത്, തോപ്രാംകുടി സബ്സോൺ കോ-ഓർഡിനേറ്ററായി ശ്രീ തോമസ് തെക്കേൽ, പാറത്തോട് സബ്സോൺ കോ-ഓർഡിനേറ്ററായി ശ്രീ ബേബി അഗസ്റ്റിൻ, വാഴത്തോപ്പ് സബ്സോൺ കോ-ഓർഡിനേറ്ററായി ശ്രീ സന്തോഷ് മാറാമറ്റം എന്നിവർ നിയോഗിക്കപ്പെട്ടു.

### PG 71/24 ഇടുക്കി സോൺ പുനഃസംഘടന

നിലവിൽ ഉണ്ടായിരുന്ന സേവനസമിതി പ്രവർത്തന കാലാവധി പൂർത്തിയാക്കിയതിനെ തുടർന്ന്, ജൂലൈ 17-ാം തീയതി രാവിലെ

09:30ന് കനകക്കുന്ന് ദേവാലയത്തിൽ വച്ച് KCBC കരിസ്മാറ്റിക് കമ്മീഷൻ വൈസ് ചെയർമാൻ റവ. ഫാ. ജോസഫ് താമരവെളി, സെക്രട്ടറി സന്തോഷ് എന്നിവരുടെ മേൽനോട്ടത്തിൽ ഇടുക്കി സോണിന് പുതിയ സേവന സമിതിയെ തിരഞ്ഞെടുത്തു. 5 സബ് സോണുകളിൽ നിന്നും എത്തിച്ചേർന്നവർ ദീർഘമായ പ്രാർത്ഥന ക്കും ദൈവാരാധനക്കും ശേഷം തിരഞ്ഞെടുപ്പിന്റെ വിവിധ ഘട്ടങ്ങ ളിലൂടെ കടന്നാണ് 9 അംഗ സേവനസമിതിയെ തിരഞ്ഞെടുത്തത്. ജേക്കബ് വെള്ളക്കാട്ട്, ജോസ് സെബാസ്റ്റ്യൻ കൂട്ടുങ്കൽ, എന്നിവർ വാഴത്തോപ്പ് സബ് സോണിൽനിന്നും, ഷാജി ഈഴക്കുന്നേൽ, ഷേർളി വാളത്തിൽ എന്നിവർ രാജാക്കാട് സബ് സോണിൽ നിന്നും, ജോസ്കുട്ടി ചക്കുങ്കൽ തോപ്രാംകുടി സബ് സോണിൽ നിന്നും, സിബി ഇരുമ്പുകുഴി, പെണ്ണമ്മ ഊന്നനാൽ എന്നിവർ പാറത്തോട് സബ് സോണിൽനിന്നും, സജി കളരിക്കൽ, ലീലാമ്മ ജോസ് ഉപ്പിടുപറയിൽ എന്നിവർ അടിമാലി സബ് സോണിൽ നിന്നും സേവനസമിതി അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ടു.

സബ്സോൺ സെമിനാർ ജൂലൈ 20 ശനിയാഴ്ച വാഴ ത്തോപ്പ് സബ് സോൺ സെമിനാർ കരിമ്പൻ സെന്റ് മേരീസ് ദേവാല യത്തിൽ വച്ച് നടത്തപ്പെട്ടു. സോണൽ അനിമേറ്റർ ഫാ. ജോസഫ് നടുപ്പടവിൽ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

## PG 72/24 മധ്യസ്ഥ പ്രാർത്ഥനകൾ

എല്ലാ ദിവസവും രാത്രി 8:30 മുതൽ 9: 00 മണി വരെ വിവിധ നിയോഗങ്ങൾ സമർപ്പിച്ച് മധ്യസ്ഥ പ്രാർത്ഥന നടന്നു വരുന്നു.

ജൂബിലേവൂസ് 2026-ന്റെ വിജയകരമായ നടത്തിപ്പിനു വേണ്ടി എല്ലാ സബ്സോണുകളിലും ആഴ്ചയിൽ ഒരു ദിവസം മധ്യ സ്ഥ പ്രാർത്ഥന നടത്തുന്നു. ഇടുക്കി സോണിന്റെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചകഴിഞ്ഞ് 2 മണി മുതൽ 6 മണി വരെ മധ്യസ്ഥപ്രാർത്ഥന നടത്തപ്പെടുന്നു.

എല്ലാ വ്യാഴാഴ്ചയും വൈകിട്ട് 7 മുതൽ 8 മണിവരെ, സാന്താ മരിയ മിഷനെയും, രൂപത വൈദികരെയും, രൂപതയിലെ എല്ലാ കുടുംബങ്ങളെയും സമർപ്പിച്ച് ഓൺലൈൻ മധ്യസ്ഥപ്രാർത്ഥന നടത്തപ്പെടുന്നു.

കല്ലാർ സബ് സോണിൽ ആദ്യ ചൊവ്വാഴ്ചയും കട്ടപ്പന സബ് സോണിൽ എല്ലാ ഞായറാഴ്ചയും മധ്യസ്ഥ പ്രാർത്ഥനനടക്കുന്നു.

## PG 72/24 കട്ടപ്പന സോണിന് പുതിയ നേതൃത്വം

ജൂലൈ 16ന് തൊവരയാർ ഉണ്ണിമിശിഹാ പള്ളിയിൽ വച്ച് നടന്ന സോൺ ഉപദേശകസമിതിയിൽ വച്ച് കട്ടപ്പന സോണിന്റെ പുതിയ സേവനസമിതിയെ തെരഞ്ഞെടുത്തു. ബഹു. ജോസഫ് താമരവെളിയച്ചന്റെ നേതൃത്വത്തിൽ കേരള സേവനസമിതി തെരഞ്ഞെടുപ്പു പ്രക്രിയകൾ നയിച്ചു.

1. സണ്ണി വരകുകലായിൽ തങ്കമണി
2. സിബിച്ചൻ (സന്തോഷ്) പുത്തേട്ട് കൽത്തൊട്ടി
3. ജോജി (ഉണ്ണി) ചോക്കാട്ട് വാഴവര
4. സിബിച്ചൻ പീടികപറമ്പിൽ വെള്ളാരംകുന്ന്
5. ബിനു കളത്തുക്കുന്നേൽ എഴുകുംവയൽ
6. ഷാജി കിഴക്കേനാത്ത് അണക്കര
7. ജാൻസി ജോസ് തഴവൻക്കോട്ടവിള ചീന്തലാർ
8. വൽസമ്മ തുരുത്തിയിൽ സ്വരാജ്
9. ഇറ്റാലിയ ഐസക്ക് വെള്ളക്കുന്നത്ത് കല്ലാർ

എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. YU4C സോൺ കോഡിനേറ്റർ ജസ്റ്റിൻ കരിമ്പനക്കൽ കാൽവരിമൗണ്ട് സേവനസമിതിയിൽ യുവ ജനപ്രതിനിധിയാകും.

# കത്തോലിക്കാ കോൺഗ്രസ്

## AKCC 32/24 വാർഷിക സമ്മേളനം

സാങ്കേതിക കാരണങ്ങളാൽ മാറ്റിവയ്ക്കപ്പെട്ട കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപതയുടെ 21-ാമത് വാർഷിക സമ്മേളനം ഓഗസ്റ്റ് 10 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2:30ന് വാഴത്തോപ്പിൽ വച്ച് നടത്തപ്പെടും. ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്യും. സാമുദായിക സാമൂഹിക മേഖലകളിലെ പ്രമുഖർ വിശിഷ്ടാതിഥികളായി സമ്മേളനത്തിൽ പങ്കെടുക്കും. എല്ലാ ഇടവകകളിൽ നിന്നും പ്രതിനിധികൾ

ഈ വാർഷിക സമ്മേളനത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വാർഷികാഘോഷത്തോടനുബന്ധിച്ച്: -

- ❖ അമ്മയോടൊപ്പം എൻഡോവ്മെന്റ് വിതരണം ചെയ്യും,
- ❖ വിവിധ മേഖലകളിൽ ഉന്നതമായ നേട്ടങ്ങൾ കൈവരിച്ച സമുദായ അംഗങ്ങളെ ആദരിക്കും.
- ❖ കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തന മാർഗ്ഗരേഖ വാർഷിക സമ്മേളനത്തിൽ പ്രകാശനം ചെയ്യും

## AKCC 33/24 ഗ്ലോബൽ ഭാരവാഹികൾക്ക് സ്വീകരണം

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ 2024-27 പ്രവർത്തന വർഷത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ശ്രീ രാജീവ് കൊച്ചുപറമ്പിലിന്റെ നേതൃത്വത്തിലുള്ള ഗ്ലോബൽ സമിതിക്ക് സ്വീകരണം നൽകും.

## AKCC 34/24 അഭിനന്ദനങ്ങൾ

ഇടുക്കി രൂപതയിൽ നിന്നും കത്തോലിക്കാ കോൺഗ്രസ്

ഗ്ലോബൽ സമിതിയിൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ജോർജുകുട്ടി പുന്നക്കുഴിക്കും ഗ്ലോബൽ യൂത്ത് കൗൺസിൽ ജനറൽ കോ-ഓർഡിനേറ്റർ ആയി തിരഞ്ഞെടുക്കപ്പെട്ട സിജോ ഇലന്തൂരിനും അഭിനന്ദനങ്ങൾ.

## AKCC 35/24 കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഭാരവാഹികളുടെ സത്യപ്രതിജ്ഞയും വർക്കിംഗ് കമ്മിറ്റിയും

2024-27 പ്രവർത്തന വർഷത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഭാരവാഹികളുടെ സത്യപ്രതിജ്ഞ ചടങ്ങും പ്രഥമ വർക്കിംഗ് കമ്മിറ്റിയും കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടത്തപ്പെട്ടു. ഇടുക്കി രൂപതയിൽ നിന്നും വർക്കിംഗ് കമ്മിറ്റി അംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തു.

## AKCC 36/24 സഭാദിനം

ജൂലൈ 3ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടത്തപ്പെട്ട സീറോ മലബാർ സഭാദിനത്തിൽ ഇടുക്കി രൂപതയിൽ നിന്നും കത്തോലിക്കാ കോൺഗ്രസിനെ പ്രതിനിധീകരിച്ച് ജനറൽ സെക്രട്ടറിപങ്കെടുത്തു.

## ഗുഡ് സമരിറ്റൻ പെയിൻ ആൻഡ് പാലിയേറ്റീവ്

### GSP 11/24 പുതിയ യൂണിറ്റുകൾ

മാങ്കുളം, ജോർജിയാർ, ആനക്കുളം, വാഴത്തോപ്പ് എന്നീ ഇടവകകളിൽ പുതിയ യൂണിറ്റുകൾ ആരംഭിക്കുകയും ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു.

### GSP 12/24 ഗ്രാൻഡ് പേരന്റ്സ് ഡേ ആചരണം

ജൂലൈ 28ന് എല്ലാ യൂണിറ്റുകളിലും ഗ്രാന്റ് പേരന്റ്സ് ഡേ ആചരിക്കുന്നതിന് നിർദ്ദേശം നൽകി. അന്നേദിവസം പ്രായമായവർക്ക് വേണ്ടി വി. കുർബാന, കുമ്പസാരം, മീറ്റിംഗ്, കലാപരിപാടികൾ, ഭക്ഷണം, സമ്മാനം നല്കൽ തുടങ്ങിയവ വിവിധ സംഘടനകളുടെ സഹകരണത്തോടെ നടത്താവുന്നതാണ്.

## ആത്മജ്യോതി

### A.J. 09/24 ആത്മജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജസ് അടിമാലി

അടിമാലി ആത്മജ്യോതി ജർമൻ ഇൻസ്റ്റിറ്റ്യൂട്ടിൽ പുതിയ A1, A2, B1 ബാച്ചുകളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ക്ലാസുകൾ സെപ്റ്റംബർ 3-ാം തീയതി ആരംഭിക്കുന്നതായിരിക്കും. താല്പര്യമുള്ളവർ താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടുകയോ വെബ്സൈറ്റ് മുഖേന രജിസ്റ്റർ ചെയ്യുകയോ ചെയ്യേണ്ടതാണ്.
www.atmajyothi.co.in
9447413328

# ഫാമിലി അപ്പോസ്റ്റലേറ്റ്

## FA 01/24 വയോജന ദിനാചരണം

വയോജന ദിനത്തോടനുബന്ധിച്ച് ഓഗസ്റ്റ് 24 ബുധനാഴ്ച രൂപതാ കുടുംബപ്രേഷിത വിഭാഗത്തിന്റെ ടീം അംഗങ്ങൾ അടിമാലി വിയാനി ഹോമിലെ വൈദികരെ സന്ദർശിച്ചു. രൂപതാധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് യോഗത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയും വൈദിക ശുശ്രൂഷയിൽ നിന്ന് വിരമിച്ച് വിശ്രമജീവിതം നയിക്കുന്ന വൈദികരെ ആദരിക്കുകയും ചെയ്തു. പെരിയ ബഹു. വികാരി ജനറൽ മോൺ. അബ്രഹാം പുറയാറ്റ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. ഷാജി വൈക്കത്തുപറമ്പിൽ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ഫാമിലി അപ്പോസ്റ്റലേറ്റ് ഡയറക്ടർ ഫാ. മാത്യു അഴകനാകുന്നേൽ സ്വാഗതം ആശംസിച്ച യോഗത്തിന് രൂപതാ മോഡറേറ്റർ സി. സോഫി സി.എം.സി കൃതജ്ഞത അർപ്പിച്ചു. വിവിധ കലാപരിപാടികളെ തുടർന്ന് സ്നേഹവിരുന്നോടെ യോഗം അവസാനിച്ചു.

## FA 01/24 പ്രീമാര്യേജ് കോഴ്സ്

ഓഗസ്റ്റ് 30,31, സെപ്റ്റംബർ 1 തീയതികളിലും, ഒക്ടോബർ 11,12,13 തീയതികളിലും നവംബർ 8,9,10 തീയതികളിലും ഡിസംബർ 13,14,15 തീയതികളിലും അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. സീറ്റ് മുൻകൂട്ടി ഓൺലൈൻ ആയി ബുക്ക് ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.

+91 80787 55919, +91 94000 92632, +91 62359 31254

https://atmajyothi.site/marriage-preparation-course/

# ബേത്‌ലെഹേം കാരിത്താസ്

ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ കഴിഞ്ഞ 12 വർഷങ്ങളായി നടന്നുവരുന്ന ജീവകാരുണ്യ പ്രവർത്തനമാണ് ബേത്‌ലെഹേം കാരിത്താസ്. ഇടുക്കി മെഡിക്കൽ കോളേജിലും പാറേമാവ് ആയുർവേദ ആശുപത്രിയിലും ചികിത്സയിൽ കഴിയുന്ന പാവപ്പെട്ടവരും നിർധനരുമായ ആളുകൾക്ക് വൈകുന്നേരം അത്താഴം നൽകുന്നതാണ് പ്രധാന പ്രവർത്തനം. ആദ്യ കാലഘട്ടങ്ങളിൽ 125 ആളുകൾക്ക് നൽകിയിരുന്ന ഭക്ഷണം ഇന്ന് ഏകദേശം 350-400 പേർക്ക് നൽകുന്നു. സന്മനസുള്ള ആളുകളുടെ സഹകരണത്തോടെയാണ് ഈ പ്രവർത്തനങ്ങൾ നടക്കുന്നത്.

പ്രധാനമായും മൂന്ന് വിധത്തിലാണ് സാമ്പത്തികം ലഭിക്കുന്നത്.

1. ആളുകളുടെയും സംഘടനകളുടെയും സംഭാവനകൾ (വിവാഹം, ജന്മദിനങ്ങൾ പോലുള്ള ആഘോഷങ്ങൾക്ക് നൽകുന്ന സംഭാവന)
2. ഇടുക്കി രൂപതയിലെ പള്ളികളിൽ സ്ഥാപിച്ചിരിക്കുന്ന 1 രൂപാ നിക്ഷേപിക്കാവുന്ന ബോക്സുകളിലെ സംഭാവന
3. എല്ലാ മാസവും മുടങ്ങാതെ ചെറിയ തുക (500,1000 etc.) സംഭാവനയായി നൽകുന്നവരുടെ കരുതൽ

ഒരു ദിവസം ഏകദേശം 4000 രൂപയോളം ചെലവ് വരുന്നു. നിങ്ങളുടെ വിലയേറിയ സംഭാവനകൾ താഴെകൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേയ്ക്ക് അയച്ച് ഈ മഹത്തായ ജീവകാരുണ്യ പദ്ധതിയിൽ പങ്കാളികളാവുക.

**Account Details :**

Bethlehem Caritas, Diocese of Idukki
A/c : 13300100150613
IFSC : FDRL 0001330
Bank: Federal Bank Karimpan Branch
bethlehemcaritasidukki@gmail.com
Ph: 7012576546

## കരുണ ഡിവൈൻ മേഴ്സി അനിമേഷൻ റിട്രീറ്റ് സെന്റർ, നെടുംകണ്ടം

**KAC. 33/24 ഓഗസ്റ്റ് മാസത്തിലെ പരിപാടികൾ**

1. യുവജനങ്ങളുടെ നൈറ്റ് വിജിൽ - ഓഗസ്റ്റ് 9 വെള്ളി 6.30 pm മുതൽ 1.30 am വരെ
2. കുട്ടികൾക്കുള്ള ഏകദിന കൺവെൻഷൻ - ഓഗസ്റ്റ് 10 ശനി 9.30 am മുതൽ 1.30 pm വരെ
3. മരിയൻ ദിനം - ഓഗസ്റ്റ് 13 ചൊവ്വ - 6 am മുതൽ 6 pm വരെ
4. മരിയൻ ധ്യാനം - ഓഗസ്റ്റ് 15 വ്യാഴം 5 pm മുതൽ 18 ഞായർ 3 pm വരെ
5. സിസ്റ്റർമാരുടെ നൈറ്റ് വിജിൽ - ഓഗസ്റ്റ് 23 വെള്ളി 6.30 pm മുതൽ 1.30 am വരെ
6. കാരുണ്യ സ്പർശം ശനിയാഴ്ച ആരാധന - എല്ലാ ശനിയാഴ്ച കളിലും 4.30 pm മുതൽ8.30 pmവരെ.

## പ്രവാസി അപ്പോസ്റ്റലേറ്റ്

**PA. 06/24**

ഇടുക്കി രൂപതാ പ്രവാസി അപ്പോസ്റ്റലേറ്റ് ജർമ്മൻ ചാപ്റ്ററിന്റെയും രൂപതാ മീഡിയ കമ്മീഷന്റെയും സംയുക്ത ആഭിമുഖ്യത്തിൽ 'ജർമ്മനി: തൊഴിൽ വിദ്യാഭ്യാസ സാധ്യതകൾ 'എന്ന വിഷയത്തിൽ ജൂലൈ 6 ശനിയാഴ്ച വെബിനാർ സംഘടിപ്പിച്ചു. 32 വർഷമായി ജർമ്മനിയിൽ മാധ്യമ പ്രവർത്തകനായി സേവനം അനുഷ്ഠിച്ചു വരുന്ന ശ്രീ ജോസ് കുമ്പിളുവേലിൽ നേതൃത്വം നൽകി. അഞ്ഞൂറോളം പേർ വെബിനാറിൽ പങ്കെടുത്തു.

ഡയറക്ടർ

# വാർത്തകളും വിശേഷങ്ങളും

**1. മാർ ജോസഫ് സ്രാമ്പിക്കലിനെ വത്തിക്കാൻ സിനഡിന്റെ പഠനസമിതിയിലേക്ക് നിയമിച്ചു.**

ഗ്രേറ്റ് ബ്രിട്ടൻ സീറോമലബാർ രൂപതാധ്യക്ഷൻ മാർ ജോസഫ് സ്രാമ്പിക്കലിനെ വത്തിക്കാനിൽ നടന്നുവരുന്ന സിനഡാലിറ്റിയെക്കുറിച്ചുള്ള ആഗോള സിനഡിന്റെ പഠനസമിതിയിലേക്ക് പരിശുദ്ധ സിംഹാസനം നിയമിച്ചു. പൗരസ്ത്യസഭകളും ലത്തീൻ സഭയുമായുള്ള ബന്ധത്തെക്കുറിച്ച് പഠിക്കുന്നതിന് നിയമിക്കപ്പെട്ട 13 അംഗ വിദഗ്ധ സമിതിയിലേക്കാണ് മാർ സ്രാമ്പിക്കൽ നിയമിതനായിരിക്കുന്നത്. പൗരസ്ത്യസഭകൾക്കു വേണ്ടിയുള്ള കാര്യാലയത്തിന്റെ അധ്യക്ഷൻ കർദ്ദിനാൾ ക്ലൗദിയോ ഗുജറോത്തി, ആർച്ചുബിഷപ്പ് മാർ സിറിൽ വാസിൽ എന്നിവരും ഈ സമിതിയിൽ അംഗങ്ങളാണ്.

ആഗോള കത്തോലിക്കാസഭയിലെ തെരഞ്ഞെടുക്കപ്പെട്ട 118 അംഗങ്ങളാണ് വ്യത്യസ്ത വിഷയങ്ങളെ ആഴത്തിൽ പഠിച്ച് മാർ പാപ്പയ്ക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ട സിനഡിന്റെ സമിതികളിൽ ഉള്ളത്. മാർ ജോസഫ് സ്രാമ്പിക്കലും മുംബൈ ആർച്ച് ബിഷപ്പ് കർദ്ദിനാൾ ഓസ്‌വാൾഡ് ഗ്രേഷ്യസ്സുമാണ് പഠനസമിതികളിൽ നിയമിതരായിരിക്കുന്ന ഇന്ത്യക്കാർ. സീറോമലബാർ സഭ ആഗോള സഭയായി മാറി എല്ലാ ഭൂഖണ്ഡങ്ങളിലും സാന്നിധ്യം അറിയിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ആഗോള ലത്തീൻ കത്തോലിക്കാ സഭയുമായുള്ള ബന്ധത്തിന്റെ നൂതന സാധ്യതകൾ പഠിക്കാനുള്ള ഈ സമിതിയിലുള്ള മാർ ജോസഫ് സ്രാമ്പിക്കലിന്റെ നിയമനം സീറോമലബാർ സഭയെ സംബന്ധിച്ച് വളരെ പ്രാധാന്യമർഹിക്കുന്നതുംഅഭിമാനകരവുമാണ്.

**2. കൃത്രിമബുദ്ധിയുടെ വിവേകപൂർവ്വമുള്ള ഉപയോഗത്തിനും സമാധാനശ്രമങ്ങൾക്കും ആഹ്വാനം ചെയ്ത് ഫ്രാൻസിസ് പാപ്പാ**

കൃത്രിമബുദ്ധിയുടെ ഉപയോഗം ഏറിവരുന്ന ഇക്കാലത്ത തെരഞ്ഞെടുപ്പുകൾ വിവേകത്തോടെയായിരിക്കണമെന്ന് ഓർമ്മിപ്പിച്ച് ഫ്രാൻസിസ് പാപ്പാ. ഹിരോഷിമയിൽ ജൂലൈ 9-10 തീയതികളിലായി നടന്ന 'സമാധാനത്തിനായി കൃത്രിമബുദ്ധിയുടെ ധാർ

മ്മികത്' എന്ന പേരിൽ നടന്ന സമ്മേളനത്തിലേക്കയച്ച സന്ദേശത്തിൽ കണക്കുകളെ മാത്രം അടിസ്ഥാനമാക്കി തെരഞ്ഞെടുപ്പുകൾ നടത്തുന്ന യന്ത്രങ്ങളുടെ ഉപയോഗത്തിലുള്ള അപകടങ്ങ ളെക്കുറിച്ചും പാപ്പാ വീണ്ടും ഓർമ്മിപ്പിച്ചു. കഴിഞ്ഞ ജൂൺ 14ന് തെക്കൻ ഇറ്റലിയിൽവച്ചു നടന്ന G7 ഉച്ചകോടിയിൽ സംബന്ധിച്ച വേളയിലും കൃത്രിമബുദ്ധിയുടെ ഉപയോഗത്തിൽ അവലംബിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് പാപ്പാ ഉദ്‌ബോധിപ്പിച്ചിരുന്നു. യന്ത്രങ്ങളുടെ ഉപയോഗം വർദ്ധിച്ചുവരുന്ന ഇക്കാലത്ത്, മനുഷ്യാന്തസ്സ് പരിപാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാൻ വേണ്ട പരിശ്രമങ്ങൾ നാം നടത്തുന്നുണ്ടെന്ന് ലോകത്തിനുമുൻപിൽ നാം കാണിച്ചു കൊടുക്കേണ്ടതിന്റെ ആവശ്യത്തെക്കുറിച്ചും പാപ്പാ തന്റെ സന്ദേശത്തിൽ എഴുതി. ഹിരോഷിമയിലാണ് 'കൃത്രിമബുദ്ധിയെക്കുറിച്ചും സമാധാനത്തെക്കുറിച്ചും' വിചിന്തനം ചെയ്യാനായി ഈ സമ്മേളനം വിളിച്ചു കൂട്ടപ്പെട്ടത് എന്നതിന് പ്രതീകാത്മകമായ പ്രാധാന്യമേറെയുണ്ടെന്ന് പാപ്പാഓർമ്മിപ്പിച്ചു.

### 3. ഒളിമ്പിക്സ്, സഹോദര ഐക്യം ഊട്ടിയുറപ്പിക്കുവാനുള്ള ഒരു അവസരമാകട്ടെ: പാപ്പാ

ജൂലൈ 26 മുതൽ ഓഗസ്റ്റ് 11 വരെ പാരീസിൽ നടക്കുന്ന ഒളിമ്പിക്സ് മത്സരങ്ങളുടെ ഉദ്ഘാടത്തിനു മുന്നോടിയായി ജൂലൈ മാസം 19-ാം തീയതി പാരീസിലെ ദേവാലയത്തിൽ, ഫ്രാൻസിലെ വത്തിക്കാൻ പ്രതിനിധി ആർച്ചുബിഷപ്പ് ചേലസ്തീനോ മില്ല്യോരെയുടെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധ ബലിയർപ്പിച്ചു. നിരവധി മെത്രാന്മാരും വൈദികരും സഹകാർമികത്വം വഹിച്ചു. ഒളിംപിക്സ് മത്സരങ്ങളുടെ സംഘാടക സമിതി അംഗങ്ങളും, നയതന്ത്ര പ്രതിനിധികളും വിശുദ്ധ ബലിയിൽ പങ്കെടുത്തു. തദവസരത്തിൽ ഫ്രാൻസിസ് പാപ്പാ നൽകിയ സന്ദേശവും വായിക്കപ്പെട്ടു. സന്ദേശത്തിൽ, ആസന്നമാകുന്ന ഒളിമ്പിക്സ് മത്സരങ്ങൾ സാഹോദര്യത്തിന്റെ സന്ദേശം ലോകത്തിനു പകരുവാൻ ഉതകുമാറാകട്ടെയെന്ന് പാപ്പാ ആശംസിച്ചു. മത്സരത്തിൽ പങ്കെടുക്കുവാനായി വിവിധ ഇടങ്ങളിൽ നിന്നും എത്തുന്നവർക്ക് വേണ്ടി ക്രൈസ്തവസ്ഥാപനങ്ങളുടെ വാതിലുകൾ തുറക്കുന്നതോടൊപ്പം, മറ്റുള്ളവർക്കായി ഹൃദയ വാതിലുകളും തുറന്നു കൊടുക്കണമെന്ന് പാപ്പാ അഭ്യർത്ഥിച്ചു. ദുർബലരെയും, സഹായം ആവശ്യമുള്ളവരെയും ചേർത്ത് നിർത്തുന്ന സമൂഹം അഭിനന്ദനമർഹിക്കുന്നുവന്നും പാപ്പാ കൂട്ടിച്ചേർത്തു.



**ചെറുപുഷ്പ മിഷൻലീഗ് ഇടുക്കി രൂപതാ വാർഷികം**
**മാർ ജോൺ നെല്ലിക്കുന്നേൽ ഉദ്ഘാടനം ചെയ്യുന്നു**

## വൈദികരുടെ വാർഷിക ധ്യാനം



Sahyanadham
Annual Subscription Rs. 350.00
Date of Publication: 01/08/2024

Reg. No. KL / IDK / 08 / 2022-2024
RNI Reg No. KERMAL / 2004 / 12498




## പ്രാർത്ഥനാ നിയോഗം ഓഗസ്റ്റ് 2024



നമ്മുടെ രാഷ്ട്രീയ നേതാക്കൾ ജനങ്ങളുടെ പൊതുനന്മയ്ക്കും സമഗ്ര പുരോഗതിക്കും വേണ്ടി സേവനം അനുഷ്ഠിക്കാനും, പ്രത്യേകിച്ച് പാവപ്പെട്ടവർക്കും തൊഴിൽ നഷ്ടപ്പെട്ടവർക്കും വേണ്ടി കരുതലോടെ പ്രവർത്തിക്കുന്നതിനുമായി നമുക്ക് പ്രാർത്ഥിക്കാം.

Printed at St. Martha's Offset Printers, Murickassery - 685 604
Editor, Printer, Publisher, Rev. Fr. James Bishop's House, Idukki- 685 602